KOTTAYAM PUBLIC LIBRARY

Call No M.200.1 Acc. No 11239

Author [illegible]

Title [illegible]

899


**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

**Calling Urgent Attention**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

No. 11239

# ഭഗവൽസ്തോത്രമാല

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

VALLATHOL GRANDHALAYAM
CHERUTHURUTHY

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

ഗ്രന്ഥകർത്താ:

വള്ളത്തോൾ

രണ്ടാം പതിപ്പ്
കോപ്പി 1000

വില
1ക. 75ന.പ.

പകർപ്പവകാശം: സി. വാസന്തിയ്ക്ക്

1962– മാർച്ച്

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

അച്ചടി:—

വള്ളത്തോൾ പ്രിന്റിംഗ് & പബ്ലിഷിങ്ങ് ഹൌസ്,
ചെറുതുരുത്തി.

# BHAGAVATH STHOTHRAMALA

VALLATHOL GRANDHALAYAM
CHERUTHURUTHY

23-2-19

**By**

*Vallathol*

Second Edition
Copies 1000

Price
Re. 1 nP. 75

All rights reserved by **C. Vasanthi**

1962 March

Publishers:

**Vallathol Grandhalayam, Cheruthuruthy**

Printed at
Vallathol Ptg. & Pbg. House, Cheruthuruthy
Kerala State.

# പ്രസ്താവന

പണ്ഡിതർ ഈ. വി. രാമൻ നമ്പൂതിരിയുടെ ഉത്സാഹത്തിൽ ഏതാണ്ടൊരു പന്തീരാണ്ടു മുമ്പാണ് ഈ ഭഗവൽസ്തോത്രമാലയുടെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ചതു്. അതിൻെറ കോപ്പി തീൎന്നിട്ടു വളരെക്കാലമായി. മഹാകവി വള്ളത്തോളിൻെറ ചരമംമൂലം ഗ്രന്ഥാലയത്തിന്നു പൊതുവേ നേരിട്ട മാന്ദ്യംകൊണ്ടെന്നു പറയട്ടെ, ഭഗവൽസ്തോത്രമാലയുടെ രണ്ടാംപതിപ്പു പുറത്തിറക്കാൻ ഞങ്ങൾക്കിതേവരെ കഴിയാതെവന്നു.

ഒന്നാം പതിപ്പിലെ മുക്തകങ്ങളായ സ്തോത്രശ്ലോകങ്ങളെയും, ദ്രാവിഡവൃത്തങ്ങളിലുള്ള സ്തോത്രങ്ങളെയും, അവ വെവ്വേറെ പുസ്തകങ്ങളാക്കാനുദ്ദേശിയ്ക്കുന്നതുകൊണ്ടു്, ഈ പതിപ്പിൽ ചേൎത്തിട്ടില്ല; പകരം, 'വടക്കിൻനാഥൻ' എന്നൊരു പുതിയ സ്തോത്രം ഒടുവിൽ വിശേഷാൽ ചേൎത്തിട്ടുമുണ്ടു്.

ഈ പരിഷ്കാരം വായനക്കാൎക്കു സ്വാഗതാൎഹമായിരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു.

ഈ പരിഷ്കരിച്ച പതിപ്പ് തെയ്യാറാക്കുന്നതിൽ സസ്നേഹം സഹായിച്ച പ്രസിദ്ധ സാഹിത്യകാരനായ ശ്രീ: എം. പി ഭട്ടതിരിപ്പാടിനോടു ഞങ്ങൾ അത്യധികം കൃതജ്ഞരാണു്.

— പ്രസാധകന്മാർ

## ഒന്നാം പതിപ്പിൻെറ

# മുഖവുര

മഹാകവി വള്ളത്തോളിനെ ആരുമാക്കും പരിചയപ്പെട്ടത്തോണ്ടാത്ത നിലയിലായിട്ടുണ്ടല്ലോ. അദ്ദേഹത്തിൻെറ സാഹിത്യവൈഭവവും കവിതാശക്തിയും കലാപ്രചരണപരിശ്രമവും എല്ലാം, അദ്ദേഹത്തെപ്പോലെതന്നെ സർവ്വലോകപ്രസിദ്ധി നേടിക്കഴിഞ്ഞിട്ടുമുണ്ട്. എങ്കിലും പുസ്തകാകൃതിയിൽ വരുത്താത്ത അസംഖ്യം കൃതികൾ ഇനിയും മാസികാദികളിൽ കിടപ്പാണ്. ആരോ പറഞ്ഞപോലെ, അതിമനോഹരങ്ങളായ മംഗളശ്ലോകങ്ങളും ചരമകാവ്യങ്ങളും ഗാനകാവ്യങ്ങളും, സ്തോത്രകാവ്യങ്ങളും മററും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. പ്രസാധകന്മാരുടേയും പ്രകാശകന്മാരുടേയും ഗവേഷകന്മാരുടേയും മററും ദൃഷ്ടി ആ കൃതിമണ്ഡലത്തിലേയ്ക്കു് എത്താൻ വൈകിയിരിയ്ക്കുന്നു; വളരെ വൈകിയിരിയ്ക്കുന്നു. അവയിൽ സ്തോത്രശാഖയിൽ ഉൾപ്പെട്ടിരിയ്ക്കുന്ന ഏതാനും കൃതികളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം.

ഈ പുസ്തകത്തിൻെറ ഒടുവിൽ ചേർത്തിട്ടുള്ള ദേവീസ്തവം മാത്രമാണ് വള്ളത്തോൾ അയച്ചുതന്നിട്ടുള്ളതു്. മററുള്ളവ മാസികാദികളിൽനിന്നു തിരഞ്ഞെടുത്തു മഹാകവിയുടെ അനുവാദത്തോടെ ചേർത്തിരിയ്ക്കുകയാണ്.

1080-മുതൽ ഒരു ദശാബ്ദകാലത്തെ കൃതികളാണ് ഇതിൽ ഏറിയകൂറും. പല കാലത്തെ പല നിലവാരങ്ങളും അനുസരിച്ച് പല സന്ദർഭങ്ങളിൽ എഴുതപ്പെട്ടിരിയ്ക്കുന്ന ഈ കൃതികൾക്കു സ്വാദുതയും പല തരത്തിൽത്തന്നെയാണ്. പുതുരീതികളേക്കാൾ പഴമ പഥ്യമായിരിയ്ക്കുന്നവർക്ക് ഇതധികം രസാവഹവും ആയിരിയ്ക്കും. പരിശീലിച്ചാൽ പുതുമക്കാർക്കും രസിയ്ക്കാൻ കഴിയുംതാനും!

ഒട്ടക്കത്തെ ദേവീസ്തവംമാത്രം അദ്ദേഹം സൂക്ഷിക്കാനും അയച്ചുതരാനും കാരണമെന്താണ്? ഉണ്ട്, തക്ക കാരണമുണ്ട്. അതേ മഹാകവി സൂക്ഷിച്ചിട്ടുള്ളു; അതേ മനസ്സുവെച്ച് എഴുതിയിട്ടുമുള്ളു. വള്ളത്തോളിനെ മഹാകവിയാക്കിത്തീർത്തത് ഈ ദേവീസ്തവംതന്നെയാണെന്നു പറയാം.

“വള്ളത്തോളിൻെറ ദേവീസ്തവത്തെ വെറുതേ മല്ലടിയ്ക്കട്ടെ” എന്ന് ഒരു കവി, മററൊരു കവിയുടെ കൃതിയ്ക്കു പ്രശംസാപത്രം നൽകിക്കാണുന്നതു്, വസ്തുതയിൽ വള്ളത്തോൾക്കൃതിയുടെ പ്രശംസതന്നെയാണല്ലോ. വള്ളത്തോൾക്കൃതി മല്ലടിയ്ക്കാറുമില്ല, അടിച്ചാൽ വെറുതെയാവാറുമില്ല. നല്ലൊരു വ്യാഖ്യാനംകൂടി അതിന്നു വേണ്ടതായിരുന്നു. കൃത്യാന്തരപാരതന്ത്ര്യത്താൽ, എഴുതാൻ സംഗതിയായില്ല. മിയ്ക്കതും 'വിലാസലതിക'യുടെ സൗന്ദര്യവും സാരസ്യവും സൗഭാഗ്യവും ഭങ്ഗ്യന്തരേണ തികഞ്ഞിനില്ക്കുന്നതാണ് ഈ കൃതി. ദേവീസ്തവത്തിൽ 'ഒര

11239



വങ്കരരാജ് ന്റെ കൃതികൾക്ക് ഒരനന്യാദൃശതയും അഭൗമതയും പറഞ്ഞുവരാറുണ്ട്. അതല്ലാതെ മറെറാന്നുംതന്നെ ഇതിലെ ദേവീസ്തവത്തിന്നു കിടനില്ക്കാൻ ഭാഷയിലില്ല എന്നാണ് പറയേണ്ടതു്. എന്താണതിന്നു ഹേതു? വാശാസോപനാമകന്റെ ശിഷ്യനും—വള്ളത്തോളും—വാസ്തവത്തിൽ ഒരു ശാക്തോപാസകനാണ്. ആ രഹസ്യം അനന്തരകവികൾ അറിഞ്ഞിരിക്കേണ്ടതുമാണ്. മററുള്ളവർ എത്രയൊക്കെ, എങ്ങനെയൊക്കെ എഴുതിയാലും, "അതിന്നുമിതിന്നുമെത്രയ്ക്കുണ്ടു വൈജാത്യം"—എന്നായിപ്പോകുന്നതിന്നും ആ രഹസ്യംതന്നെ കാരണം. ആരുമെന്തും പറഞ്ഞുകൊള്ളട്ടെ, വള്ളത്തോളും അദ്ദേഹത്തിന്റെ മഹാകവിത്വവും കയറിക്കയറിത്തന്നെ വരും. നിരൂപകന്മാരും വിമർശകന്മാരുംകൂടി കവിവേഷം കെട്ടിച്ചതല്ല വള്ളത്തോളിനെ. "പൂർവ്വവാസനാഗുണാനുബന്ധിപ്രതിഭാന"ത്തോടുകൂടിയ ഉപാസനയുടെ അത്ഭുതസിദ്ധി "വിരിഞ്ചിപ്രേയസ്യാസ്തരുണവരശൃംഗാരലഹരീഗഭീരാഭിർവ്വാഗ്ഭിഃ" "സതാം രഞ്ജനം"സാധിച്ചിരിയ്ക്കുന്നതാണ് നാം വള്ളത്തോൾസ്സാഹിത്യത്തിൽ കണ്ടുമുട്ടുന്നതു്. അതാണ് ആ സാഹിത്യം കൈകാര്യം ചെയ്യുമ്പോൾ "പ്രതീയമാനം പുനരന്യദേവ വസ്ത്വസ്തി വാണീഷു മഹാകവീനാം" എന്നു നമ്മെക്കൊണ്ടു സമ്മതിപ്പിച്ചുകളയുന്നതും. അത്തരം വള്ളത്തോൾസ്സാഹിത്യത്തിൽ അഗ്രഗണ്യതവഹിക്കുന്നതും അത്ഭുതവൈഭവം വിളങ്ങുന്നതുമായ ഇതിലെ ദേവീസ്തവാദികൾ, കവികൾക്കും സഹൃദയന്മാൎക്കും ഭക്തന്മാൎക്കും വ്യുൽപിത്സുക്കൾക്കും പലതര

ത്തിൽ പരമോപയോഗിയാണെന്നു് വീണ്ടും വീണ്ടും ഉൗന്നിപ്പറയേണ്ടിയിരിയ്ക്കുന്നു. പരീക്ഷിച്ചു നോക്കുവിൻ!

ഒരു പുരുഷാന്തരത്തിലധികം കാലമായിട്ടും, ഇതെല്ലാം ചേൎത്തു പുസ്തകരൂപത്തിലാക്കാൻ ആളുണ്ടായില്ലല്ലോ എന്നോൎക്കുമ്പോഠം എനിയ്ക്കു് അത്ഭുതവും വ്യസനവും ഉളവാവുന്നുണ്ടു്. അത്രമാത്രം അന്തരിച്ചുപോയോ കേരളക്കരയുടെ ആസ്തിക്യം! അഥവാ, എനിയ്ക്കുവേണ്ടി, കെട്ടിക്കിടന്നതാവാം എന്നു സമാധാനിക്കട്ടെ!

ബ്രഹ്മവിലാസംമഠം
23—7—1126 } പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി.

# ശുഭാശംസ

*********

കരിമ്പുവില്ലന്റെ ലസൽകളേബരം
കരിച്ച നെഞ്ഞൃകള പറിച്ചെടുത്തുടൻ
കരിപ്രമാഥിപ്രഭുവെ സ്വയം വശീ-
കരിച്ച കാർവേണി കനിഞ്ഞു കാക്കണം!

ഉരുമാധുരികൊണ്ടു പൂർണ്ണമോദം
വരുമാറുള്ളധരാമൃതത്തെ നിത്യം
പെരുമാറി വിഷാശിയെസ്സുധാശ-
പ്പെരുമാളാക്കിയ പെണ്ണു കണ്ണിടട്ടെ!

രൂക്ഷാമയപ്പട്ടുപിശാചിനു സിദ്ധമന്ത്രം
സാക്ഷാൽ മഹേശനുടെ ധൈര്യവിഭേദയന്ത്രം
ദാക്ഷായണീഭഗവതിയ്ക്കെഴുമാക്കടാക്ഷ-
വീക്ഷാലവം വിപുലനന്മ വിതച്ചിടട്ടെ!

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# ഭഗവൽസ്തോത്രമാല

## 1. ശ്രീവാസുദേവാഷ്ടകം

1

‘ശ്രീ’വാസുദേവ, ഗുരുവായുപുരേശ, നിന്റെ
സേവാരസത്തിലധികം സുഖമെന്തിരിപ്പൂ?
ആ വാസവാദിസുരരും പണിയുന്നു, മുക്തി-
യ്ക്കാവാസമാം തവ കഴല്ക്കു, വഴക്കു തീരാൻ!

2

‘വാ’മാക്ഷിമാരിടയനാരികളോമനിച്ച
കാമാവമാനകരമാം തവ ദിവ്യരൂപം,
പൂമാനിനീശ, പുരുകൗതുകമോടുദഞ്ച-
ദ്രോമാഞ്ചകഞ്ചുകമണിഞ്ഞിവനെന്നു കാണും?

3

‘സു’വ്യക്തമായ്സ്സുരവരാനുജ, സൂക്ഷ്മമാം നിൻ-
ദിവ്യസ്വരൂപമിതുദിക്കണമെൻമനസ്സിൽ;
ഭവ്യം ഭവിക്കുവതിനങ്ങതുതന്നെ പോരും;
ദ്രവ്യം തുടങ്ങിയതനർത്ഥനിമിത്തമത്രേ!

4

‘ദേ’വത്വമെന്തിന,തുമസ്ഥിരമാണു, വാസു-
ദേവ, ത്വദംഘ്രിപരിചാരകനാകുമെങ്കൽ,
കൈവല്യലക്ഷ്മി കളിയാടുവതിന്നു ചൈന്ത്യ-
കൈവല്ലികൊണ്ടുടനനുഗ്രഹമേകണം നീ!

5

‘വാ’താലയേശ, വസുദേവകുമാര, മാര-
ജേതാവിനും ജയദമാകിയ നിൻപദാബ്ജം,
പ്രേതാധിപൻ പ്രകടകോപമൊടാഞ്ഞടുക്കും-
പോതാസ്ഥയോടു മമ ചേതസി തോന്നിടേണം!

6

‘യന്താവുതൻവടിവെട്ടത്തടരിങ്കൽ നീ, കാൽ-
ച്ചെന്താരണഞ്ഞ വിജയന്നു ജയം വരുത്തി;
എന്താചരിച്ചുമൊരു നന്മ നിജാശ്രിതന്മാ-
ക്കെന്താമരേക്ഷണ, ഭവാനുള വാക്കമല്ലോ!

7

‘നന്ദന്റെ നന്ദന, നവാംബുദവർണ്ണ, പൂർണ്ണാ-
നന്ദസ്വരൂപ, തവ നാമജപത്തൊടെന്നും,
മന്ദസ്മിതാമൃതമൊലിപ്പൊരു നിന്മുഖാര-
വിന്ദം നിനച്ചു മരുവാനിടയാകണം മേ!

8

‘മസ്താധിരോപിതകരാഞ്ജലി ഞാനിതൊന്നി-
നസ്താവലേപമവിടുത്തൊടുണർത്തിടുന്നു:
വിസ്താരമുള്ള വിഷയക്കുഴി വിട്ടുപോരാൻ
ഹസ്താവലംബമരുളുകെൻ ‘ഗുരുഗേഹനാഥ!’

****

# 2. നാരായണാഷ്ടകം

1

'ഓങ്കാരാബ്ജമരന്ദമേ, മുനിമനോ-

ഭൃംഗവ്രജങ്ങൾക്കു നൽ-

പ്പൂങ്കാവേ, പുരുഷാരനപ്പരിഷയാം

വേനല്ക്കു കാലാഭ്രമേ!

തേൻകാൽക്കുപ്പിന്ന വാണിമാക്കൊരു

മുടിക്കല്ലായ പൂമങ്കയാം

താൻ കാമിച്ചു വളർത്ത പുണ്യതരുവിൻ-

കായേ, വണങ്ങുന്നു ഞാൻ.

2

'ന'ന്നായിട്ടു ഭജിയ്ക്കിലൈഹികസുഖം
നിസ്സാരമെന്തെങ്കിലും
തന്നാൽ തന്നു—ജഗത്തിലീയൊരു നില-
യ്ക്കുണ്ടീശ്വരന്മാർ പലർ;
എന്നാലെൻതിരുമേനിയോ, പട്ടദയാ-
വേശാൽ പരാനന്ദമാ-
കുന്നാത്മാവിനെയും സ്വഭക്തനു കൊടു-
ത്തീടുന്നുവല്ലോ ഹരേ!

3

'മോ'ഹം ചേതസി വിശ്വമോഹനതനോ,
നിൻമായ നിർമ്മിയ്ക്കയാൽ
ദേഹം നിത്യമിതെന്നുറച്ചു, ദയിതാ-
പുത്രാദിവസ്തുക്കളിൽ
സ്നേഹം മൂത്തനിശം കിടന്നുഴലുമീ
മട്ടൊക്കെ മാറി ക്രമാൽ
സോഹംബുദ്ധി ഭവിയ്ക്കണം മമ ഭവൽ
കാരുണ്യപൂരത്തിനാൽ!

'നാ'ളംതോറും, നളിനാക്ഷ, നാന്മറ മുറ-
 യ്ക്കോതുന്ന ധാതാവിനും
നേർതോന്നും മുനികൾക്കു മുഖ്യഗുരുവായ്
 മേവുന്ന സർവ്വജ്ഞനും
ചേതോമോഹമിടയ്ക്കിടയ്ക്കരുളുംവതാ-
 യാരും ഗ്രഹിയ്ക്കാത്തതാ-
മേതോ നിൻമറിമായമാണുലകിലി-
 ക്കാണുന്ന കോപ്പൊക്കെയും.

5

'രാ'ജാവിന്നുമകിഞ്ചനന്നുമറിവു-
 ള്ളോൾക്കും മഹാമൂഢനും
പൂജാർഹദ്വിജനും വെറും പറയനും
 സ്വസ്ഥന്നുമസ്വസ്ഥനും,
ശ്രീജാനേ, ദൃഢമൈഹികേച്ഛയൊരുപോ-
 ലുന്നിച്ചുകാണുന്നു—നി-
വ്യാജാശ്ചര്യവിധായകം, ഹഹഹ, നിൻ-
 മായാവിലാസോദയം!

6

'യ'ന്താവാണുലകത്തിനാസകലമെ-
ന്നാലും കിരീടിയ്ക്കു നീ
യന്താവായി; യമാത്മജൻ പറകയാൽ
കൈക്കൊണ്ടു ഭൃത്യത്തെയും;
ചെന്താർമാനിനിതൻവിലാസനിലമേ,
ഭക്തർക്കു ഭവ്യത്തിനാ-
യെന്താണാചരിയാത്തതാത്തകരുണൻ
ഭക്താനുരക്തൻ ഭവാൻ?

7

'ണാ'ന്തം നിൻതിരുനാമമൊന്നു തനയ-
പ്പേരാക്കി നാരായണ!
സ്വാന്തത്തിൽ ഭയമോടുരച്ചതുവശാൽ
പാപം നശിച്ചാ ദ്വിജൻ,
ശാന്തന്മാരണയുന്ന ശാശ്വതപദം
പ്രാപിച്ചുപോൽ പണ്ടി,ത-
ശ്രാന്തശ്രദ്ധമുരുക്കഴിയ്ക്കുമവനോ
പിന്നെക്കഥിയ്ക്കേണമോ?

## 8

'യ'ക്ഷാധീശ്വരപട്ടമോ മഹിതമാം
സ്വാരാജ്യസാമ്രാജ്യമോ
ത്ര്യക്ഷാദിത്രിദശാധികാരനിലയോ
വേണ്ടാ നമുക്കെൻവിഭോ!
ലക്ഷാദിത്യസമാനമായൊരനഘ-
ജ്യോതിസ്സു ചിന്നുന്ന നി-
ന്നക്ഷാമാദ്ഭുതചിൽസ്വരൂപമകമേ
കാണായ്‌വരേണം സദാ!

****

## 3. ശ്രീഹനൂമദഷ്ടകം

1

സാമത്ഥ്യം മന്ത്രതന്ത്രങ്ങളിലുടയ മഹാ-
ബ്രാഹ്മണാഗ്രേസരന്മാ,—
രാമട്ടിൽ പണ്ഡിതന്മാർ, കവികൾ, കരളുറ-
പ്പുള്ള കയ്യാങ്കളിക്കാർ,
കേമന്മാരാം നടന്മാരിവരുടെ ജനിഭൂ-
വാകും 'മാലത്തിയൂരേ'
ഗ്രാമം രക്ഷിച്ചുകൊണ്ടങ്ങനിശമരുളിടും
ശ്രീഹനൂമാൻ സഹായം!

2

വള്ളത്തോളുക്കോന്തുഃ മനോനവർകരം സചിവനാ
നിന്ന വെട്ടത്തു രാജ്യാ- (യ°-
വുള്ളത്തിൽ പ്രീതി നാട്ടാക്കിയലിന നിലയിൽ
കാത്ത കാലം വിശേഷാൽ,
വെള്ളത്താർമങ്ക കൂത്താടിന ധരയിലക
പ്പെട്ടൊരാലത്തിയൂരെ-
ന്നുള്ളസ്സദ്ഗ്രാമമാണ്ടോരഗണിതഗുണനാം
ശ്രീഹനൂമാൻ സഹായം!

3

കാലേ കാകൽസ്ഥലേവന്നിയലിന കനിവാ-
ലാശു തെക്കേസ്സമുദ്രം-
പോലേ സംസാരമെന്നുള്ളൊരു നെടുകടലും
ഹന്ത! പിന്നിട്ടു കേറി
മാലേകീടുന്ന നക്തഞ്ചരപടലിയെയും
കാമലോഭാദിയേയും
ചാലേ വെന്നൊന്നടങ്ങീടിന ചതുരതരൻ
ശ്രീഹനൂമാൻ സഹായം!

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

4

വൃക്ഷംതോറും മദംപൂണ്ടളികളിളകുമാ
രാവണൻതൻകളിത്തോ-
പ്പക്ഷയ്യാടോപമോടേ ഝടിതി പൊടിപെട്ട-
ത്തിട്ടതിൽ പൃഷ്ടരോഷം
രക്ഷസ്സൈന്യത്തൊടൊത്തേറെറാരു പടയടവിൽ
ദക്ഷനാമക്ഷനെത്തൻ-
കക്ഷത്താക്കിക്കശക്കീടിന കടുബലനാം
ശ്രീഹനൂമാൻ സഹായം!

5

ആ ലങ്കാതോരണത്തിൻമുകളിലുമവനീ-
മങ്കതൻകാക്കലും ഭൂ-
പാലപ്പൂണ്പാം കിരീടിയ്ക്കുടയ കൊടിമര-
ത്തിങ്കലും വാണപോലെ,
കാലൻപിൽ കൈതൊഴുന്നോരുടെ കരളിലുമാ-
ക്കാടലത്തോപ്പിലും ന-
ല്ലാലത്തൂരഗ്രഹാരത്തിലുമടിയരുളും
ശ്രീഹനൂമാൻ സഹായം!

6

ദീപ്തിയുണ്ടായിരുന്നാക്കടനദഹനനെ-
ത്താനെടുത്താകെ വീശി
സ്വാതന്ത്ര്യത്തോടു ലങ്കാപുരി മുഴുവനെയും
ചുട്ടുപൊട്ടിച്ച ഭസ്മം
മൈതങ്കം തൻഭുജാവിക്രമവിപുലയശോ-
രാശിയാണെന്നമർത്ത്യ-
വ്രാതത്താലേറെ വാഴ്ത്തപ്പെട്ടുമനിലസുതൻ
ശ്രീഹനൂമാൻ സഹായം!

7

ശ്രീമൽസൂര്യന്നു ശിഷ്യൻ, പവനന്റെ തനയൻ,
സൂര്യപുത്രന്നമാത്യൻ,
രാമസ്വാമിയ്ക്കു ദൂതൻ, ജനകതനുജയാം-
ക്കാമയം തീർത്ത വൈദ്യൻ,
ഭീമന്നണ്ണൻ, നിശാടക്കരുണതരനാം
കാല,നാലത്തിയൂരെ-
ഗ്രാമത്തിന്നുററ ദൈവം, ശ്രിതസുരതരുവാ
ശ്രീഹനൂമാൻ സഹായം!

8

ആരും വാഴ്ത്തുന്ന മേധാബലം,മതുലവചോ-
ഭംഗി, വിത്തേശനുററം
തീരും സമ്പത്തു മുമ്പായവ തടവിന നൽ-
ക്കേരളബ്രാഹ്മണന്മാർ
ചാരുത്വം ചേർത്തു കാലോചിതമിഹ നിജസ-
ത്തോന്നതിയ്ക്കായ് നടത്തി-
പ്പോരും കർമ്മാവലിയ്ക്കും പെരിയ സുകൃതിയാ
ശ്രീഹനുമാൻ സഹായം!

****

# 4. ശൃങ്ഗാരശിവാഭ്യുദയം

1

വിജയിച്ചതുഠംവു പ്രിയാപദാന്തേ
വിഷകണ്ഠാഭരണൻ മനോജവൈരി;
ഗളബദ്ധകൃപാണനായ് സ്മരങ്കൽ-
ശ്ശരണംകൊഠംവവനെന്നു തോന്നുമാറേ!

2

പ്രിയാപ്രണാമേ ശശിശേഖരൻെറ
സ്വപക്ഷ്മഫാലേക്ഷണകോണനോട്ടം,
പ്രസൂനബാണൻ ചിലമേൽത്തൊടുത്ത
മുഠംക്കേതകപ്പൂങ്കുലപോലെ വെൽവൂ!

3

ജടയല്ലികൾ, ഗംഗയാം മരന്ദം,
വലയാകാരകപാലബീജകോശം,
ഇവയൊത്തു ജയിപ്പിതീശവക്ത്രം,
ഗളനഞ്ഞാം ചളിയിൽപ്പിറന്ന പദ്മം!

4

ഊക്കാനെടുത്തൊരു കുടന്ന വെള്ളമാ-
ക്കാപ്പായിടും പാമ്പു കുടിച്ചു തീർപ്പതും
കാണാതെ വെൽവൂ വിജയാവിഹാസമേ-
ററാത്യാമവൈകപ്പിതചിത്തനാം ശിവൻ!

5

ശിവാമുഖാബ്ജപ്രതിബിംബദർശനാൽ
വിറച്ചഴഞ്ഞീടിന കയ്യിൽനിന്നുടൻ
ഗളിച്ചുപോയ് വേർപ്പുകളാൽ നിറഞ്ഞതാം
ശിവൻെറ തോയാഞ്ജലി വെൽവു നിർല്ലയം!

6

പ്രണയേഷ്യകളിൽ പ്രിയാംഘ്രിലാക്ഷാ-
രസസന്ധ്യാഞ്ചിതമൗലിചന്ദ്രനീശൻ,
അവരുതൻവളയായ കാഞ്ചനത്തി-
ന്നുരകല്ലായ കഴുത്തുമായ്ജ്ജയിപ്പൂ!

7

ഉമയുടെ കഴൽവിരൽ-നട്ട ഞെരി-
യാണിയിൽ വെൽവു, നഖേന്ദുവെ വളത്തും,
തലയെയിരട്ടിപ്പിച്ചും,
പ്രണയത്തുടരായു,മൈശശശിഖണ്ഡം!

8

ഋജ്ജുവാം മലമങ്ക തൻകണങ്കാൽ
വിജയിപ്പൂ, പതി കാല്ക്കൽ വീണിടുമ്പോൾ,
ഗിരിശൻവരെയും ജയിച്ചു പൊയ്ത്താർ-
വിശിഖൻതൻ വിജയധ്വജംകണക്കേ!

9

'മടിതന്നിലൊളിച്ചിരിക്കയാണോ
പട്ട നാഗാനന'നെന്നു ബാഹുലേയൻ
പുട നീക്കിയപോതു സസ്മിതം ധൂ-
ർജ്ജടി കൈവെച്ച ശിവാകുചം ജയിപ്പൂ!

****

# 5 അംബാസ്തവം

1

ഒരു മദനവിരോധിയോഗിയാർതൻ-
തിരുവുടൽ പാതി പകുത്തെടുത്ത മങ്കേ!
നിരുപമരുചി നിന്നപാംഗലീലാ-
വിരുതിന് വീണു വണങ്ങിടുന്നു വീണ്ടും!

2

കുളിർമലയിലുദിച്ചുവന്ന നാനാ-
ലളിതമനോഹരകല്പവല്ലിയാളേ!
ഒളിചിതറിന നിൻെറ തൃക്കരച്ചെ-
ന്തളിരിണ ഞാൻ തലതന്നിലെന്നു ചാർത്തും?

No- 1123
THE KOTTAYAM PUBLIC
KOTTAYAM.

3

ഇളമതിയണിമൗലിതൊട്ടു തങ്ക-
ത്തളകൾ കിലുങ്ങിന തൃപ്പദംവരെയ്ക്കും
കളമൃദുളമൃണാളനാളകേളീ-
വിളനിലമാം തവ മെയ് നിനപ്പനമ്മേ!

4

വലമഥനവധൂടിമാർകളോമൽ-
ത്തലമുടിതന്നിലണിഞ്ഞ പൂക്കളാലേ,
പലവുരു പരിപൂജചെയ്ത തൃക്കാ-
ലലരടിയൻെറ മുടിയ്ക്കു വയ്ക്കു ദുർഗ്ഗേ!

5

പനിമലയുടെ പൈതലെങ്കിലും നീ
കനിവിടചേരുമൊരൊററ നോക്കിനാലേ
ജനിമൃതിമയമാം മഹാപ്രപഞ്ച-
പ്പനിയിതു മാററി പലക്കുമെന്നു കേൾപ്പൂ!

6

തവ വരുതിയിൽ നില്ക്കുവോർകളല്ലോ
ശിവദയിതേ, വിധിവിഷ്ണുമുഖ്യരെല്ലാം;
അവരെയനിശമെന്തിനാശ്രയിപ്പൂ?
ഭവതിയെമാത്രമിവൻ ഭജിച്ചുകൂടാം!

7

മലരണിമൃദുവേണി, മഞ്ജു തിങ്ങും
മലയുടെ മഞ്ജുളമംഗളക്കുരുന്നേ!
മലയജമഹനീയമന്ദഹാസാ-
മലവദനേ, ജയ, മാമരക്ഷദംബേ!

8

തിരുകരത്തിലിളങ്കിളി, തിങ്ങളേ-
ത്തിരുകിവെച്ച കരിങ്കുഴലീവിധം
വിരുതെഴും ഗിരിശാർദ്ധശരീരമാ-
മൊരു ചുകപ്പു സുഖപ്പൊടി പോടണം!

9

കാദംബിനീസമകളേബരകാന്തികൊണ്ടു
കാദംബവാടി സതതം കമനീയമാക്കി,
കാദംബരീസുരഭിലാനനയായി മേവും
കാദംബഗാമിനി കനിഞ്ഞു ശുഭം തരട്ടേ!

10

ഇമ്പം നല്കിന ശംഭുവിൻതിരുമുടി-
        പ്പൈന്തിങ്കൾ, പാൽവെൺകതിർ-
ത്തുമ്പപ്പൂക്കൾ ചൊരിഞ്ഞു, പൂർണ്ണകലനായ്-
        ത്തീരുന്നതിന്നാംവിധം,
ചെമ്പട്ടിൻമയമേന്തുമേതിനെ യഥാ-
        കാലം ഭജിപ്പൂ, കലാ-
സമ്പത്തിന്നു നിധാനമാഗ്ഗിരിസുതാ-
        പാദം തരട്ടേ ശുഭം!

****

# 6 ശ്രീപാർവ്വതീദശകം

1

വന്നിട്ടു നിന്നരികിലേറെ വിനീതനായി
നിന്നിട്ടു നിന്നൊടു, മൃഡാനി, 'നിദാന'മീ ഞാൻ
എൻനിഷ്കരാർത്തികളശേഷമുണർത്തുമാറു-
ണ്ടെന്നിട്ടുമെന്തു തിരുവുള്ളമലിഞ്ഞിടാത്തു?

2

ഓരോ വിചാരമകമേ വളരുന്നു; കയ്യിൽ,
നേരോർത്തിടുമ്പൊഴൊരു ദമ്പടിപോലുമില്ല;
ആരോടു ഞാൻ പറയുമീയഴലൊ,ന്നു നീട്ടു-
കാരോമലാം തിരുമിഴിക്കടയദ്രികന്യേ!

3

ഇ നേരമൊന്നുകിലകത്തഭിലാഷമേതും
വന്നേറിടാത്ത വിധമാക്കണെ,മല്ലയെങ്കിൽ
തന്നേയ്ക്കണം മുതലസാരമെനിയ്ക്കു, രണ്ടി-
ലൊന്നേററിടായ്കിൽ വിഷമം, വിഷകണ്ഠകാന്തേ!

4

പുള്ളിക്കുരംഗനയനേ, നെറികെട്ട പാപ്പർ-
പ്പുള്ളിയ്ക്കുമേ പുതിയ വൈശ്രവണത്വമേകാൻ
തുള്ളിക്കളിച്ച തവ കൺമുന പോരു,മൊന്നു
കൊള്ളിയ്ക്കുകായതിവനിൽ, കുളിർകുന്നിൽമാതേ!

5

വേരിട്ടിടാതരിയ പിച്ച പിടിച്ചു പായ-
മാറിട്ടനേകനിനവെന്നെയലട്ടിടുന്നു;
വേറിട്ടൊരാളുമിഹ പിൻതുണയില്ല; തെല്ലു
കൂറിട്ടു ദൃഷ്ടി വിടുകെൻകുലശൈലകന്യേ!

6

എന്നെബ്ഭരിച്ചിടുകതന്നെയെനിയ്ക്കസാദ്ധ്യം;
പിന്നെക്കഴക്കിനൊരു 'ഭാണ്ഡ'വുമുണ്ടു തോളിൽ;
ഇന്നെൻെറയീ സ്ഥിതിയറിഞ്ഞൊരു തൃക്കടാക്ഷം
തന്നെങ്കിൽ നന്നു, തരുണേന്ദുകലാപകാന്തേ!

7

വയ്യിക്കഴക്കു പറവാൻ, പുരവൈരിവാമ-
മെയ്യിൽപ്പതിഞ്ഞ മലരമ്പമണിത്തിടമ്പേ!
നിയ്യിന്നു ചെററു മുതലെന്നിലണയ്ക്കു: തൻെറ
കയ്യിൽപ്പണം കരുതിടാത്തവനെന്തു സൗഖ്യം?

8

ദാരിദ്ര്യദാരിണി, ശിവേ, തവ സുപ്രസാദ-
നീരിൽക്കുളിച്ച തിരുനീലകടാക്ഷനോട്ടം
ആരിൽപ്പതിയ്ക്കുമവർതൻ തറവാട്ടിൽനിന്നു
പോരില്ല പൂമകളൊരിയ്ക്കലുമെന്നു കേൾപ്പൂ!

9

ദിൻപത്തിലേതൊരു നരൻ പണിയുന്നു, വേണ്ട
സമ്പത്തവന്റെ തറവാട്ടിലടിച്ചുകേറം;
ഇമ്പത്തിലിങ്ങനെ നിനച്ചെഴുമെന്റെ കാര്യം
'കമ്പ'ത്തിലാക്കരുതു കാലകൃതാന്തകാന്തേ!

10

ഗൗരി, ത്വദീയചരണസ്മരണാലെനിക്കു
നേരിട്ടതില്ലിതുവരെയ്ക്കൊരു നന്മപോലും;
ഭൂരിപ്രസാദമിനിയെങ്കിലുമെങ്കലുള്ള
ദാരിദ്ര്യസങ്കടമൊഴിക്കു ദയാപയോധേ!

****

# 7 ഭദ്രകാളീസ്തവം

1

ഉങ്കാളുമുഗ്രക്കടെമൊടി,യുലകിന്നൊരുന്നാം
നിങ്കാലിണയ്ക്കു പണിയാതെ, ഞെളിഞ്ഞിരുന്നാൽ,
തങ്കാ സുഖസ്ഥിതി തരിമ്പുമൊരാൾക്കു,മെന്നോ-
ർത്തെങ്കാളി, നിൻെറ ഭജനത്തിനു ഞാൻ തുനി
(ഞ്ഞേൻ.

2

വൻകാളകൂടവിഷനീ'രമറേത്തു' ചെയ്തോ-
രെൻകാളകണ്ഠനുടെ കണ്ണിലുദിച്ച കന്യേ!
ശങ്കാലവം തടവിടാതൊരു ശാന്തിയേന്തി
നിങ്കാലകത്തു കരുതുന്നിതു ഞാൻ 'നിദാനം'.

3

ടങ്കം തുടന്നവ ധരിച്ച ഹരന്റെ കട്ട-
പ്പൊങ്കന്യകേ, പെരുത്തു ശാന്തരസത്തെ വീഴ്ത്താ!
പങ്കംപെടും മമ മനം കഴുകിത്തുടച്ച-
തിങ്കൽ സദാ കുടിയിരിയ്ക്കുക; കുമ്പിടാം ഞാൻ!

4

തിങ്കൾക്കിരീടനുടെ നന്മടിയംബരാന്ത-
ത്തിങ്കൽക്കിടന്നു കളിയാടിന കാളി, നീതാൻ,
എങ്കൽ പെരുത്ത പരിതാപമൊഴിയ്ക്കുവാൻ; നി-
ശ്ശങ്കം ദയാമഴ പൊഴിയ്ക്കണമാവതോളം.

5

അങ്കത്തിലന്തകനെ വെന്നെഴുമീശ്വരന്റെ-
യങ്കത്തിനാഭരണമായരുളുന്ന തായേ!
വങ്കത്തമേറുമടിയന്റെ മനസ്സിലുള്ള
വങ്കത്തലാറ്റി വരമേകുക; വന്ദനം തേ!

6

കങ്കേളിബാണനുടെ മേനി കരിച്ചവന്റെ
മങ്കേ, മദീയപരദൈവതമേ, 'നിദാനം'
കെങ്കേമരാം മുനികൾ വാഴ്ത്തിന മോക്ഷലക്ഷ്മീ-
സങ്കേതമാം തവ പദദ്വയമാശ്രയം മേ.

7

ഹുങ്കാരമിട്ടണയുമാശരർതൻദുരന്താ-
ഹങ്കാരമാകുമടവിയ്ക്കൊരു കാട്ടുതീയേ!
തങ്കാതെയായ്‌വരണമീശ്വരി, ജാഡ്യമെന്നാ-
ണെങ്കാമ, മായതിനു നിൻഭജനം പ്രധാനം.

8.

എൻകാലദോഷമൊഴിവാൻ തൊഴുതേൻ പദം തേ;
വൻകാലമല്ലനെ വധിച്ചവനുള്ള കുഞ്ഞേ!
ഹുങ്കാശയേ തടവി നിന്നുടെ കല്പവൃക്ഷ-
സങ്കാശമാം കഴൽ തൊഴാത്തവനെന്തു സൗഖ്യം?

9

തങ്കക്ഷമാധരനെടുംഗടവില്ലെടുത്താൾ–
തങ്കണ്ണുകൾക്കൊരു രസായനമായ തായേ!
തങ്കൽ സദാ തടവുമീ വികടപ്രപഞ്ചാ–
തങ്കം വിടാൻ തവ നിഷേവണമാചരിപ്പൻ.

10

സങ്കല്പജപ്രതിഭടസ്ഫുടപുണ്യരാശേ!
സങ്കല്പവേളയിൽ മഹർഷികൾ കാണുമമ്മേ!
വങ്കല്പവൃക്ഷനവപല്ലവതല്ലജൗഘ–
ത്തിങ്കൽ പരാജയമണച്ച പദം തൊഴാം തേ.

11

ഓങ്കാരസാരമയി, കമ്പിതഖഡ്ഗവല്ലീ–
ഭാങ്കാരഭീഷിതസമസ്തസുരാരിവർഗ്ഗേ!
ഞാൻ കാളി, നിന്നുടയ കൺമുനവണ്ടുകൾക്കു
പൂങ്കാവതായിവരണം, കരുണാപയോധേ!

12

മാങ്കയ്യർതൻമിഴിമഹോത്സവമാം ശിവേ, നീ
മാങ്കയ്യൊഴിയ്ക്കരുതി,വൻ തവ ദാസനല്ലേ?
ഞാൻ കർമ്മദോഷമികവാന്മുഴലുന്നു; ഭക്തി-
ത്തേൻ കല്മഷഘ്നി, ചൊരികെൻകരളംതാരിലെന്നും!

****

# 8. ദേവീസ്തവം

## 1. സൗന്ദര്യപ്രശംസ:

1

ലാവണ്യാവാസഭ്രുവാം കടലുടെ മകളും
    കാണുകിൽ കാല്ക്കൽ വീഴും
ലാവണ്യാഡംബരത്താൽ സ്മരനുടെ കഥ തീ-
    ർത്തോരു സന്ന്യാസിയേയും
പൂവമ്പഭ്രാന്തിൽ നീന്തിച്ചു,വനുടെയുടലും-
    കൂടി വീതിച്ചുമേടി-
ച്ചേവം പാരാളുമമ്മേ, തവ വിശദവിലാ-
    സങ്ങൾ വിശേഷാത്തരങ്ങൾ!

2

പാലാഴിപ്പെണ്ണുമാ വാണിയുമണിവലയ-
ക്വാണമോലും കരത്താൽ
ചേലായ് വീശുന്ന വെൺചാമരമിരുവശവും
ചേർന്ന നിൻചാരുവക്ത്രം,
ലീലാകൂജന്മരാളദ്വയനടുവിൽ വിള-
ങ്ങുന്ന ചെന്താമരപ്പൂ
പോലായ്ക്കാമേശി, കാമേശ്വരമധുപനാമ-
ന്ദോത്സവം നല്കിടുന്നു!

3

കുന്തൽക്കൊപ്പം സുവർണ്ണപ്രചുരനവകലാ-
പാഞ്ചിതം നിൻകഴുത്തും;
കാന്തപ്പോർകൊങ്ക മുക്താവലിപരിലസിതം
തൃപ്പദംപോലെതന്നെ;
സ്വാന്തം കക്കുന്ന കൈത്താരിനുമണിവളവ-
മ്പുററ ചില്ലിയ്ക്കുമില്ലേ?
ശാന്തന്നും മാരമാലോകിയ രമണി, മഹാ-
വിസ്മയം ത്വത്സ്വരൂപം!

4

അന്നാളീകാസ്ത്രനെത്തൻകനലെരിമിഴിയിൽ-
പാററയാക്കാൻ മിടുക്കു-
ണ്ടെ,ന്നാലും നിൻവിയോഗാൽ സ്മരദഹനശിഖാ-
ദഗ്ദ്ധനായ്. രുദ്രദേവൻ;
ചെന്നാത്താപം കെടുപ്പാൻ തപനതനുജയാ-
മാററിൽ മുങ്ങിക്കിടന്നാ; -
നന്നാറംതൊട്ടാണു ദാക്ഷായണി, പുകനിറമീ
വൻനദിയ്ക്കെന്നു കേറംപ്പൂ!

**വിക്രമപ്രശംസ:**

5

തുള്ളിച്ചാടുന്ന കണ്ഠീരവനുടെ മുതുക-
ത്തേറി വാറംമിന്നലോടും,
വെള്ളിക്കുന്നിൻമുടിയ്ക്കുമ്പിന കരിമുകിലിൻ-
കാന്തി കാണിച്ചുകൊണ്ടു,
തള്ളിക്കേറും ജഗദ്ദ്രോഹികളുടെ കുടചെ-
ഞ്ചോര വഷിച്ചു പാരി-
നുള്ളിൽ താപം കെടുത്തീടിന തവ കനിവോ
താങ്ങെനിയ്ക്കുള്ള തായേ!

6

താളാരാൽക്കണ്ടു തായാടിടുമൊരു ശിശു പോയ്-
        ക്കൊയ്തിടുംപോലെ, തൂക്കെ-
വാളാലങ്ങുന്നരിഞ്ഞാക്കറിനദിതിജർതൻ-
        കണ്ഠരക്തക്കളത്തിൽ
ക്ഷോളാഘോഷത്തൊടത്യുൽകടനടനരസം
        പൂണ്ടു നൃത്തം ചവിട്ടും
കാളാംഭോദാഭയാം നിൻകഴലഹിതഭയാൽ
        കാളി, കാക്കേണമെന്നെ!

7

ആട്ടം സന്ധ്യയ്ക്കനുഷ്ഠിപ്പവനുടെ ദയിതേ,
        പണ്ടു നിൻപൊന്നുഴിഞ്ഞാ-
ലാട്ടത്തിൽ സുംഭനും തത്സഹജനുമകതാ-
        രാട്ടമുണ്ടായി, കൊള്ളാം;
കൂട്ടറെറപ്പേക്കമൂന്നാകിയ ഭവതി കനി-
        ഞ്ഞൊടിയുംകൊണ്ടിരിയ്ക്കെ,-
ക്കോട്ടം തീർന്നാടലില്ലാത്തൊരു നിലയുലകി-
        ന്നൊത്തതാശ്ചര്യമല്ലോ!

8

മോദംപൂണ്ടാടിതേയോത്തമരസുരപരാ-
ഭൃതിസംഭൃതമാകും
സാദം സർവ്വത്ര നീങ്ങുംസമയമറിയുമാ-
റുച്ചലിച്ചുച്ചഘോഷം
നാദബ്രഹ്മോപദേശം നിയമികളിൽ നട-
ത്തുന്ന നിൻചാരുഘണ്ടാ-
നാദം തെല്ലൊന്നു കേട്ടാലിവനിഹ കൃതികൾ-
ക്കിന്ദ്രനെൻചന്ദ്രഘണ്ടേ!

9

സന്നാഹം പൂണ്ടെതിർത്തെത്തിയ ദിതിജരുമായ്-
പ്പോരിടുംനാളിലെന്തോ
നിന്നാസ്യത്താരിലും വിണ്ണിലുമലഘു സുരാ-
മോദമൊപ്പം വളർന്നു;
ചൊന്നാൽത്തീരില്ല നിൻപ്രാഭവമഹഹ, മഹാ-
ദേവി, പോത്താം ദൈത്യൻ
നിന്നാലാക്രാന്തനായപ്പൊഴുതസുരഹിതാ-
വസ്ഥ വീണ്ടും വഹിച്ചു.

10

വീതാബാധം വിരോധിവ്രജഗളമരിയും
പള്ളിവാളിന്നുമുള്ളിൽ
സ്സ്ഥീതാനന്ദത്തൊടാട്ടം തുടരുമനിമിഷ-
സ്ത്രീകരംതൻകാൽത്തളിക്കും
മാതാവേ, ശീഘ്ര സേവിപ്പൊരു തിരുവടവാ-
ത്തിന്നുമൊന്നിച്ചു താമ്ര-
ശ്രീ താമ്രധ്വംസനാനന്തരമരുളിയ നിൻ-
യുദ്ധലീലയ്ക്കു കൂപ്പാം!

## 3. പാദപ്രശംസ:

11

നാലാമ്നായപ്പെരുംപൊയ്കയിലരുണനറും-
താരണച്ചും സ്വതേജ-
സ്സാലാ യോഗീന്ദ്രചിത്താബ്ധിയിലൊരു പവിഴ-
പ്പുററിനെപ്പെററവെച്ചും
ലീലാകോപങ്ങളിൽ ധൂർജ്ജടിയുടെ ജടയാം
വല്ലിയിൽ പല്ലവശ്രീ
ചേലായ്ച്ചേർത്തും ജയിക്കുന്നിതു പരമശിവേ,
ഹന്ത! നിൻതൃപ്പദാന്തം.!

## 12

ലീലാപൂർവ്വം, "ഘുലായാഭിധഭുവനമഹാ-
കണ്ടകാംഘ്രാതകമ്മ-
ത്താലാര്യസ്ത്രീത്വ ചോർച്ചിതൂ പദതല"മെ-
ന്നാളിമാർ ചൊല്ലിടുമ്പോൾ,
കാലാരിസ്വാമി സംഭ്രാന്തിയൊടുപഗതനായ്,
കണ്ടകം പൂണ്ട തൃക്ക-
യ്യാലാമ്മാറങ്കമേററീടിന തവ ചരണം
ദേവി, സേവിപ്പനെന്നും!

## 13

ആരക്താഭം രജസ്സാകിയ ഗുണമിയലും
ബ്രഹ്മദേവൻെറ തേജ-
സ്സാരംതാനാകയാലോ തവ പദയുഗളി-
യ്ക്കിത്ര പാടല്യമമ്മേ?
ദൂരം ലാക്ഷാനുലേപദ്വിഗുണിതരുചിയാ-
മായതിൽ പററിനില്ക്കും
ധീരസ്വാന്തത്തി,നെന്തത്ഭുത,മൊരു പൊഴുതും
രാഗസംയോഗമില്ല!

14

ശ്രീലാക്ഷാലിപ്തമാം നിൻകഴലിനുടെ ചവു-
ട്ടേററശോകീഭവിയ്ക്കും
ഫാലാക്ഷൻ തത്പദാങ്കാരുണകുസുമലസ-
ന്മൗലിയായ് മേവിടുമ്പോൾ,
കൈലാസാരാമദേശ,"ത്തിവിടെയൊരു വസ-
ന്തം നടന്നു ശിവേ നിൻ-
ലീലാകോപത്തിനാലെ"ന്നയി തവ സഖിമാർ
ചൊന്ന സൂക്തം ജയിപ്പൂ!

15

സൗരഭ്യപ്രൗഢി നേടാൻ സുരഭിസഹജയാം
ദിവ്യവൃക്ഷാളി പെററു-
ള്ളോരപ്പൂവും സുരപ്പെൺപുരികുഴൽവഴിയായ്-
വന്നു സേവിപ്പതായി,
നീരന്ധ്രാമോദസമ്പത്തിനു വിളനിലമാം
നിൻപദാംഭോജമല്ലം
നേരം ശർവ്വാണി, ദുർവ്വാസന കളവതിനെ-
ന്നുള്ളിലപ്പിച്ചിടേണം!

16

അല്ലൽപ്പാടാളുകൾക്കേകിയ മഹിഷമഹാ-
        ദൈത്യമൂർഖൻെറ ശീഷ്-
കല്ലെമ്പമ്പോ, ചവുട്ടിജ്ഝടിതി പൊടിപെട്ടു-
        ത്തിട്ടൊത്രുക്കളുള്ളതായി,
കില്ലറവൽകൃഷ്ടഹംസാളികൾ തിരയുവതായ്,-
        ച്ചണ്ഡികേ, രണ്ടുമട്ടും
മല്ലശ്രീപൂണ്ട തൃക്കാലടിയടിയനടി-
        യ്ക്കണമൂൾക്കാമ്പിലെന്നും!

17

ഭീമപ്രോദ്യത്തമോബാധകളഖിലമൊഴി-
        പ്പിച്ചു, ലോകത്തിനേററം
വൈമല്യം ചേൎത്തു, ബോധോദയമരുളുവതാ-
        യുള്ള നിൻതൃപ്പദാന്തം,
ആമട്ടാപൂൎണ്ണമായോരരുണഘൃണമിയ-
        ന്നിട്ടു,മിന്ദ്രാദിദേവ-
സ്തോമത്തിൻപാണിപദ്മങ്ങളെ മുകുളിതമാ-
        ക്കുന്നതെ,ന്താദിമായേ?

## 18

സ്വാരാജ്യസ്ത്രീജനത്തിൻസുരുചിരതരസീ-
മന്തവീഥിയ്ക്കു യത്താം
ചോരാതേ സാന്ദ്രസിന്ദൂരകരചന പെടു-
ത്തുന്ന നിൻതൃപ്പദത്തിൽ
ആരാജിയ്ക്കുന്ന രാഗപ്രചുരിമ, ഹരചി-
ത്തേശി, വൈരാഗ്യപൂർണ്ണ-
ന്മാരായിത്തീർന്ന ഭക്തർക്കുടയ കരളിൽനി-
ന്നാഹരിച്ചുള്ളതാണോ?

## 19

കാമക്ഷേമോദയാഡംബരവിളനിലമായ്,-
ക്കാമകോടിസ്ഥമായി,
പ്രേമം കൈക്കൊണ്ടു കാമേശ്വരനണിമടിയിൽ
ചേർപ്പൂതാം ത്വൽപദത്തെ
കാമം കാമാക്ഷി, ഭക്തിസ്ഥിരതപെടുമക-
ക്കാമ്പൊടനന്യനമാം നി-
ഷ്കാമത്വത്തിന്നുവേണ്ടിസ്സുകൃതികളുപസേ-
വിച്ചുപോരുന്നു, ചിത്രം!

THE KOTTAYAM PUBLIC L
KOTTAYAM.

## 4. മഹിമാതിശയം:

20

പാരെല്ലാററിനുമുൽപാദനഭരണവിനാ-
ശങ്ങൾ നിത്യം നടത്തു-
ന്നോരെന്നാരും പുകഴ്ത്തും കമലജകമലാ-
കാന്തകാലാന്തകന്മാർ
നേരെന്തോ കണ്ടുവെയ്പ്പാൻ നിജനികടമണ-
ഞ്ഞപ്പൊഴാ,ദ്ധീരരേയും
തീരെപ്പെണ്ണുങ്ങളാക്കീടിന തവ മഹിമ-
സ്ഫൂററമെങ്ങാദിമായേ?

21

പീനാമോദേന വാണീഭഗവതി നടമാ-
ടുന്ന വൈരിഞ്ചവക്ത്ര-
സ്ഥാനാൽ താനേ പുറപ്പെട്ടുലകിനു വെളിവുൾ-
ച്ചേർത്ത വാക്യങ്ങൾപോലും,
മാനാതീതങ്ങളാം നിന്നുടെ മഹിതവിലാ-
സങ്ങൾ വർണ്ണിച്ചു തീർപ്പാൻ
മാനാലേപ്പെട്ടു മായാശബരി, തവ കളി-
ശ്വാക്കളായ്ത്തീർന്നുവല്ലോ!

22

ദാരിദ്ര്യം പ്രാജ്ഞനേകുന്നിതു; പതുസമരോ
സർവസമ്പൽസമൃദ്ധൻ;
പോരിൽ തോല്ക്കുന്നു ശൂരൻ; ജയമൊരു ഭയശീ-
ലന്നു കൈവന്നിടുന്നു;
ഭൂരിക്ലേശം ബലാഢ്യന്നനുഭവ;-മബല-
ന്നെപ്പൊഴും സൗഖ്യമത്രേ--
പാരിൽ ശ്രീയോഗമായേ, തവ കളികളിലെ-
സ്സാരമൊന്നാരറിഞ്ഞു?

23

പാരം പാരാകെ വേണ്ടും പരിചിനു കടലാ-
സ്സാക്കി, നീരാഴമേറും
പാരാവാരത്തെയെല്ലാം പരശിവദയിതേ,
നന്മഷിപ്പാത്രമാക്കി,
പോരാ, നിശ്ശേഷപക്ഷിപ്പരിഷകളുടെയും
തൂവലും പൂണ്ടതന്റെ-
ന്നാരായ്ബ്ഭ്യോണാസുരന്മാർ പലരെഴുതുകിലും
തീരുമോ നിൻഗുണങ്ങൾ?

## 24

നാനാസൃഷ്ടിയ്ക്കു കല്പിപ്പിതു നളിനഭവൻ
ദേവി, നിൻചോദനത്താൽ;
മീനായും കൂർമ്മമായും മുഹുരപി വിഷമി-
യ്ക്കുന്നു ദൈത്യാരിദേവൻ;
കീനാശദ്വേഷി ലോകക്ഷപണവിവശ,നീ
മൂന്നുപേർക്കും നിവൃത്തി-
പ്പാനാകുന്നീല സാംസാരികസരണിയിൽനി,-
ന്നീ നരക്കെന്തു പിന്നെ?

## 25

നേരായിത്തത്ത്വമസ്യാദിമനിഗമവച-
സ്തത്ത്വമോർക്കും മുനീന്ദ്ര-
ന്മാരാവോളം സമാധിസ്ഥിരത പെടുമക-
ക്കണ്ണിനാൽ കാണ്മതായി,
ആരാലും വേർതിരിച്ചോതിടുവതിനെളുതാ-
കാത്തതായ്, നിത്യമാകും
സാരാനന്ദപ്രകാശാത്മകവിമലപര-
ബ്രഹ്മമാണംബികേ, നീ.

## 5. മന്ത്രമാഹാത്മ്യം:

26

എല്ലാ ലോകങ്ങളും തീർത്തരുളുമൊരു പെരും-
തച്ചനേറെപ്പുകഴ്ത്തി-
ച്ചൊല്ലാവും മട്ടിലുണ്ടാക്കിയ തവ 'കവചം'
ദേവി, നെഞ്ചിൽ ധരിച്ചാൽ
നില്ലാതായാൾക്കു നാനാമുറിവുതകുമന-
ർഥായുധവ്രാതപാതം
പുല്ലാക്കിജ്ജീവിതായോധനവിരുതിലണി-
പ്പൊൻജയത്തൂണു നാട്ടാം!

27

ശോകാലമ്പേററ പന്നിത്തടിയനണയവേ,
ബിന്ദുക്കൂടാതെതാൻ ര-
ണ്ടെകാരം ലോകസാധാരണനിലയിലുര-
ച്ചോരു മൂഢദ്വിജന്നും
വൈകാതെൻവാണിമാതേ, വരകവിത വശ-
പ്പെട്ടു വാല്മീകിതൻമ-
ട്ടേകാന്തഖ്യാതി കിട്ടി; മഹിതമഹഹ! നിൻ-
മന്ത്രബീജപ്രഭാവം!

28

സ്വാലോകാലോകലതാം പെരുകിന ജലവൃ-
ന്ദത്തിനും ശുദ്ധിചേൎപ്പോ-
നാ ലോപാമുദ്രതൻവല്ലഭനൃഷിവരനും
സ്വാത്മശുദ്ധിയ്ക്കുവേണ്ടി,
മൂലോകാധീശി, മുവ്വാണ്ടിട ഗുരുപദതാ-
രാശ്രയിച്ചഗ്ര്യഭക്തി-
ച്ചേലോടാജ്ജിച്ച നാമത്രിശതി തവ ജപി-
യ്ക്കുന്നവന്നെന്തസാധ്യം?

29

വ്യോമം കുത്തിത്തുളയ്ക്കും മുടിയൊടുയരുമാ
വിന്ധ്യനെപ്പണ്ടു, പഞ്ചി-
സ്തോമത്തെപ്പോ,ലെളുപ്പസ്ഥിതിയിലൊരടിയാൽ
കീഴമത്തുന്നതിനും
സാമത്ഥ്യം നേടിയല്ലോ, ശിവശിവ! ലളിതേ,
നിൻെറ *"മന്ത്രവപേരെ"-
ന്നാ മന്ത്രത്തിൻജപത്താലതികൃശതനുവാം
കുംഭജന്മാവുപോലും!

* ലളിതാസഹസ്രനാമം.

30

സ്ഥീതാഭോഗാലസംഖ്യം കലശശതസഹ-
ഗ്രങ്ങൾ മുട്ടാതെ പാനം-
ചെയ്താലും, ഹാനി തട്ടാത്തൊരു ജലധിജലം
കൈയ്യൊതുക്കൂട്ടത്തൊക്കെയൊപ്പം
ഹാ, താൻതാനാചമിച്ചാൻ ദ്രുതമൊരു കലശ-
ത്തിങ്കൽനിന്നുദ്ഭവിച്ചോൻ;
മാതാവേ, നിൻെറ നാമത്രിശതിയുടെ ജപം
സർവ്വസംസിദ്ധിമൂലം.

31

6. **സേവനപ്രശംസ:**

ബ്രഹ്മാദിത്രീശപുരക്കും ജനനി, മുനിമനോ-
ലക്ഷിതേ, ലക്ഷലക്ഷ-
ബ്രഹ്മാണ്ഡകാധിനാഥേ, ബഹുലഖലകുലോ-
ന്മൂലനോദാരശീലേ!
ബ്രഹ്മാധിഷ്ഠാനഭൂതേ, ഭഗവതി, ഭവതാ-
പാപഹേ, നിത്യപൂർണ്ണ-
ബ്രഹ്മാനന്ദാത്മികേ, നിൻഭജനരതി ഭവി-
യ്ക്കുന്നതേ ഭാഗ്യമാക്കും!

32

മുക്കണ്ണൊത്തഞ്ചുമട്ടാകിയ നിറമുടയോ-
　　രഞ്ചുവക്ത്രങ്ങളൊന്നും,
തൃക്കയ്യീരഞ്ചിലബ്ജാങ്കുശകമലകപാ-
　　ലാദിവസ്തുക്കൾ പൂണ്ടും,
സൽകമ്രാർദ്ധേന്ദുചൂഡം വിലസിന തവ ത-
　　ത്ത്വാത്മവർണ്ണസ്വരൂപം
ഹൃൽകഞ്ജത്തിൽ പതിഞ്ഞാൽ ശ്വപചനുമമലാ-
　　ബ്രഹ്മമേ, ബ്രഹ്മതുല്യൻ!

33

ശ്രീമത്തൃപ്പാദവും നിന്നുടെ സഹഭവനും
　　മല്ലവിദ്വേഷിയല്ലോ;
ഭീമൻ പഞ്ചാസ്യനല്ലേ ഭഗവതി, പകുതി-
　　ദ്ദേഹവും വാഹവും തേ?
കാർമട്ടും നിൻമുടിയ്ക്കും ശുഭമതി വിലസീ-
　　ടുന്നു നിൻഭക്തനും; പേ-
ത്താമട്ടിൽ താതനും തേ ഭജന വിമു-
　　ഖനും ശുദ്ധമാട്ടെന്നു കേൾപ്പൂ!

## 34

ശോണാകാരം നഖംതൃപ്പൊടി, കുചയുഗളം
        തുംഗഭദ്രാത്മകം, പൂ-
ബാണാരിയ്ക്കെപ്പൊഴും നർമ്മദ ഭുജലത; നിൻ
        വേണിയോ കൃഷ്ണതന്നെ;
ചേണാർന്നോരദ്രിജാതേ, പ്രഥിതനദനദീ-
        രൂപമായുള്ള നിങ്കൽ-
ത്താണാരാപൂർണ്ണഭക്ത്യാ മുഴുകു,മവനപ-
        ങ്കാന്തവിദ്ധൻ വിശുദ്ധൻ!

## 35

ശ്രേയസ്സിൻജന്മഭൂമേ, ജഡത, ഗുരുകള-
        ത്രത്തിലാസക്തി, മിത്രാ-
പായത്തിൽ സ്പഷ്ടമാകും രുചി, വളവിവ ചേ-
        ർന്നോരു ദോഷാകരനും
നീയൻപോടൊത്തു കൈക്കൊള്ളുകിലമൃതമയാ-
        വസ്ഥ സിദ്ധിപ്പതാണെ-
ന്നീയർത്ഥം ബോധ്യമാക്കുന്നിതു തവ മകുട-
        ത്തിങ്കൽ മിന്നും മൃഗാങ്കൻ!

36

കച്ചയ്ക്കില്ലാഞ്ഞു തോലാമുടപ്പുടവയുമായ്-
    പ്പാഴ്ത്തലക്കിണ്ണമേന്തി-
പ്പിച്ചയ്ക്കായുരുതെണ്ടും വിഷധരധരനെ-
    പ്പിൻതുടന്നീടുമമ്മേ,
ഇച്ചക്രംചുററൽ നിന്നിങ്ങൊരുപൊഴുതുളവാം
    കേവലാനന്ദമെന്നും
വെച്ചല്ലോ സേവചെയ്യുന്നിതു തിരുവടിയെ-
    സ്സർവ്വസന്ന്യാസമേററോർ.

37

ആനത്തോൽമുണ്ടുടുക്കുന്നവനുടെ ഹൃദയ-
    ത്തിങ്കലും, വാമദേഹ-
സ്ഥാനത്തും രാഗമേററീടുമൊരിളവെയിലിൻ
    കാതലാം നിൻെറ ഗാത്രം,
ധ്യാനംചെയ്യുന്ന യോഗിപ്രവരനുടെ കരാം-
    ത്താമരത്താർ വിടുത്തി
ജ്ഞാനത്തേനിട്ടൊഴുക്കുന്നിതു ജനനി, ജഗദ്-
    ബോധദാനൈകതാനേ!

38

പ്രേമത്താൽ നീലകണ്ഠോത്സവമരുളിടുമെൻ-
കാളി, കാളായസൂന-
ശ്രീമത്തായ് നീപവാടിയ്ക്കൊരു നിബിഡനിറം
ചേർത്ത നിൻചാരുരൂപം
ക്ഷേമത്തോടൊന്നു കാണ്മാൻ പകലിരവിയലും
തൃഷ്ണയാലഭ്രഹംസ-
സ്തോമംപോലും വഹിയ്ക്കുന്നിതു ശിവ! ശിവനേ!
ചാതകവ്രാതധർമ്മം.

39

യാദസ്തോമം തിമിക്കും കടൽ മണിയറയാം;
യോഗവിദ്യേ, വിഷാഗ്നി-
ക്ഷോദം പാടേ പൊഴിയ്ക്കും ഫണി പരിചിയലും
മെത്തയാ,മത്രയല്ല,
മോദത്താൽ ദാസിയാം പൂമക,ളധിഗതമാം
വിശ്വരക്ഷാധികാരം;
സാദം പററാതെ സർവ്വോത്തരമഹിമ ഭവ-
ത്സേവകന്നേവമുണ്ടാം.

40

ആതങ്കം കൈവളത്തും കടുവിഷമമൃതായ്-
ത്തീന്നിടും; പന്നഗേന്ദ്ര-
വ്രാതം മെയ്യണ്ടമാകും; ഭഗവതി, ചുടല-
ക്കാടൊരുദ്യാനമാകും;
ഭൂതപ്രേതാദിവൎഗ്ഗം പുനരടിമകളാ; -
മുജ്ജ്വലാപാംഗനോട്ടം
നീ തട്ടിയ്ക്കുന്ന ധന്യന്നൊരു ഭയലവമെ;-
ങ്ങായവൻ പാരിനീശൻ.

41

മൈനാകം കൃഷ്ണനെന്നീത്തവ സഹജരുമായ്-
ച്ചേൎച്ചപൂണ്ടും, തപ്ടംഷ്ട്രി-
സ്ഥാനാന്തേ സേവചെയ്യാൻ നിജമകളെ മുദാ
നിത്ത്രിയും, നിൻപ്രസാദം
താനാൎജ്ജിച്ചാഴി രത്നാകരതയൊടനിശം
പൂൎണ്ണമായ് വാണിടുന്നു;
നാനാശ്രേയസ്കരം നിൻകനിവിഹ ജലരാ-
ശിയ്ക്കുമദ്രീന്ദ്രകന്യേ!

42

സാരഗ്രന്ഥാക്ഷമാലാഭയവരധരമാം
നാലു കയ്യൊത്ത ലീലാ-
കാരത്തോടേ വിളങ്ങും ഭവതിയുടെ കൃപാ-
മന്ദഹാസാംശുലേശം,
സ്വൈരം സേവിച്ചു നേടിച്ചില സുകൃതിജനം,
സ്വച്ഛവർണ്ണസ്വരൂപേ,
പാരമ്പെഗ്ഗൌരമാക്കീ പെരിയ കവിയശ-
സ്സായ പൂവെണ്ണിലാവാൽ.

43

സാരം കണ്ടെത്തി മെല്ലെപ്പൃഥുവിസനിഭയാം
നിന്നുറക്കം വിലക്കി-
പ്പാരം മേല്പോട്ടയത്തിദ്ദശശതദളമാം
താരിലാമ്മാറിരുത്തി,
സ്വൈരം വിശേശ്വശി, നിന്നെത്തവ പരിജനമാം
ലക്ഷ്മിയെപ്പോലെ കാണും
ധീരൻ, ഹാ, നിൻപ്രസാദാലമൃതലഹരിയിൽ
കേളിയാടുന്നിതെന്നും!

## 44

ലാളിത്യം, ഹന്ത, ലോകോത്തരമിയലുകിലും
 ദുഗ്ര ഹോദഗ്രഭാവം
മേളിച്ചും, പാൎത്തറിഞ്ഞുള്ളവനൊരു പരമാ-
 നന്ദസന്ദാത്രിയായും,
കേളിയ്ക്കൊത്തുല്ലസിയ്ക്കും ശുഭകവിത, സദാ
 ഭക്തർതൻദാസിയാകും
കാളി, ത്വദ്ദാസനല്ലാതെവനു വശഗയാ-
 മങ്ങയെപ്പോലെതന്നെ!

## 45

നേരെത്താത്തണ്ഡവത്താൽ കലകളറുപത്തും
 നാലുമൊപ്പം ചമച്ചോൻ
തീരെ പ്രേമാന്ധനായ്ക്കീഴ്പ്പെട്ടമമലകലേ-
 ശോല്ലസന്മൗലിയാം നീ,
പാരെല്ലാം തീൎത്തഴിയ്ക്കും പുരികലത കുറ-
 ഞ്ഞൊന്നിളക്കുന്നതായാ,-
ലാരെസ്സേവിയ്ക്കുകില്ലാ സകലകലകളും
 ദാസിമാരെന്നപോലെ. *

---

* "നൎത്തനാദ്ധി പരേശസ്യ ചതുഃഷഷ്ടികലാജനിഃ"
പ്രദോഷസ്തോത്രം.

46

ഉല്ലാസം നിൻവലങ്കണ്ണരുളുമൊരിഷുവും,
 ത്ര്യംബകേ, നിന്മൊഴിയ്ക്കൊ-
ട്ടെല്ലാമൊക്കും രസം ചേൎന്നൊരു ചിലയുമെടു-
 ത്തോരു നിൻചാരുനോട്ടം
തെല്ലാരിൽത്തട്ടു,മപ്പൂരുഷനൊരു വികൃതാ-
 കാരനായാലു,മെന്തെ-
ന്നില്ലാതോടിക്കിതച്ചെത്തിടുമവനിലനം-
 ഗാൎത്തിപൂണ്ടംഗനൗഘം.

47

ധീരം പോരാടുമാ വന്മഹിഷനുടെ തല-
 ത്തട്ടടച്ചിട്ടതിന്മേൽ
നേരംപോക്കായി നൃത്തോത്സവകലവി തുട-
 ൎന്നോരു നിൻതൃപ്പദാന്തം
ആരൻപോടാശയത്തിൽക്കരുതുമനിശമാ-
 പ്പുണ്യവാൻതന്നടുക്കൽ
സ്വൈരം പോൎത്തിൻപുറത്തേറിടുമവനണയി-
 ല്ലെന്നതാശ്ചര്യമാണോ?

## 7. അനുകമ്പാതിശയപ്രശംസ:

48

വേദം നാലും കവന്നീടിന ദുരിതപരൻ
ദുർഗ്ഗമൻതൻെറ മുഷ്ക്കാൽ
സാദം ധർമ്മത്തിനേററീട്ടുലകഖിലമനാ-
വൃഷ്ടിയാൽ ചുട്ടെരിയ്ക്കേ,
ഭേദംകൂടാതെ നീയൊമ്പതു ദിനമൊരുപോ-
ലക്ഷിനീർ പെയ്തു പാരിൻ-
ഖേദം തീർത്തു; ശതാക്ഷി, വ്യഥിതരിലലിവി-
ത്രയ്ക്കു മററാർക്കു കാണും!

## 8. ജ്ഞാനപ്രശംസ:

49

വല്ലാതജ്ഞാനമെന്നുള്ളൊരു കടുതിമിരം
വായ്ക്കയാൽ കാഴ്ച കണ്ണി-
ന്നില്ലാഞ്ഞിട്ടെങ്ങുമെത്തുംപിടിയുമിഹ കിട-
യ്ക്കാതെ ഞാൻ തപ്പിടുന്നു;
നില്ലാതീ നീണ്ട രോഗം നിഖിലമകലുവാൻ
നിൻകടാക്ഷാഞ്ജനക്കോ-
ലല്ലാതുണ്ടോ മരുന്നൊന്നു,ത്തരിക കനി-
ഞ്ഞോഷധീശാവതംസേ!

50

കാമക്രോധാദിയാദോഗണപരിചിതമാ,-
യററമില്ലാത്തതായി,-
ബ്ഭീമത്വം പൂണ്ടിരിയ്ക്കും ഭവജലനിധിയിൽ
താണു കേണീടുമെന്നെ
ശ്രീമൽക്കൂർമ്മത്തിനൊത്തുള്ളൊരു പുറവടിയാ-
ലൊന്നു നീ പൊക്കിയെന്നാ-
ലീ മന്ദൻ മന്ദരാഗത്വമൊടമൃതരസം
നേടുവൻ വിഷ്ണുമായേ!

## 9. സൗഭാഗ്യപ്രശംസ:

51

ആകമ്രം മധ്യമദ്യന്മണിഗുണനികരം,
നീലനീരന്ധ്രമേഘ-
ശ്രീ കക്കും വേണി നൽസ്സൗരഭധര, പരിചിയലും
ശ്രോണിയോ പൃഥ്വിതന്നെ;
ശ്രീകണ്ണങ്കൽ പ്രഹർഷിണ്യയി ഭഗവതി, നിൻ
ദൃഷ്ടി ഹാഹന്ത, ചിത്രം!
നൈകച്ഛന്ദോവിശേഷാകൃതിയിലമരുവോ-
ളാര്യയാണെങ്കിലും നീ!

## 10. ഐശ്വര്യദാതൃത്വം:

52

ഭീമാഭോഗം വിഷം കൊററിനു, കരിയുടെ തോ-
ലാട, കൂട്ടാളിമാരോ
കോമാളിപ്രേതഭൂതാദികൾ, ചുടല കളി-
ത്തോപ്പു, മെയ്ക്കോപ്പു സപ്പം-
സാമാന്യംപോലെയെന്താണയി, തവ കണവ-
നുള്ളതെ,ന്നിട്ടുമമ്മേ,
സീമാവില്ലാത്തൊരൈശ്വര്യമിതവനു വരാൻ
കാരണം നിൻപ്രസാദം!

53

പാലാഴിപ്പെണ്മണാളൻ, പരമസുഭഗമാം
നിൻെറ പൂമേനി പുല്കും
കാലാരിത്തമ്പുരാനെച്ചിരമതിബഹുമാ-
നത്തൊടച്ചിച്ചൊട്ടുക്കം,
ചേലാളും നിൻനിതംബത്തൊടു സമവടിവാം
ചക്രവും കൈക്കലാക്കി
സ്ഥൂലാനന്ദേന മേവുന്നിതു സകലരിലും
മേലെയായ്ശ്ശൈലകന്യേ!

54

പട്ടിന്നും തോലിപാറും പടി പരിമൃദുവാം
        നിൻപദം മന്മനസ്സിൽ
തട്ടിയ്ക്കായ്ക്കാനിതിന്നുള്ളൊരു കഠിനതയോ
        കാരണം? കഷ്ടമോർത്താൽ;
കട്ടിപ്പാറയ്ക്കുനേരാം മഹിഷന്നുടെ തല-
        ത്തട്ടു തീരെച്ചവുട്ടി-
പ്പൊട്ടിയ്ക്കാമെങ്കിലിസ്സാധുവിന്നുടെ മതികാ-
        ക്രശ്യമിതെന്തുള്ളൂ സാരം?

## 11. അനുഗ്രഹാശംസ:

55

കൂത്താടിക്കാസരത്തിൻമുടിയിലരുളിയോ-
        രംബികേ, ഹന്ത ശുദ്ധം-
പോത്താണല്ലോ ദൃഢം ഞാനനവരതജലോ-
        പാശ്രയപ്രാപ്തപങ്കൻ;
ഓത്താകും പാരിജാതക്കൊടിയുടെ മുകളിൽ
        ചേർന്നു മിന്നുന്ന ചെന്തൃ-
ക്കാൽത്താരെൻമൂർദ്ധ്നി വെയ്ക്കാനൊരു രസമവിടു-
        ത്തേയ്ക്കു തോന്നാത്തതെന്തോ?

56

വാനത്തെഗ്ഗംഗയെത്തൻനെറുകയിലണിയു
ന്നോനു കാമപ്പനിപ്പി-
ച്ചൃനംകൂടാതണയ്ക്കും പണിയുടയ പനി-
പ്പൂവ്വുതപ്പെതലാളേ,
നൂനം സംസാരഘോരപ്പനിയെഴുമവരെ
സ്വാന്തകമ്പാരസത്തിൽ
സ്നാനംചെയ്യിച്ച സൗഖ്യസ്ഥിതിയരുളിവിടും
നിൻെറ വൈദ്യം വിചിത്രം!

## 12. ശ്രീവിദ്യാമുക്തിദാതൃത്വം:

57

ശ്രീവിദ്യാമുക്തിനല്ലാർകളിലധികതരം
കാമമോലും പുമാന്മാ-
രാവിസ്സന്താപരായ് നിൻനഖകിരണനറും-
ചന്ദനം പൂശി മെയ്യിൽ
ദേവി, ത്വൽപാദരക്തോൽപലരുചിനിരയാം
പല്ലവൗഘം വിരിയ്ക്കും
ഭുവിൽത്തന്നേ കിടക്കുന്നിതു തവ കൃപയാം
തോഴിയെക്കാത്തജസ്രം.

## 13. പാപനിവേദനം:

58

ലോകാഭിവ്യാപ്തയാം നീ ഹരമഹിഷി, മണാ-
　　ളൻെറ മെയ്ക്കോപ്പിനൊക്കു-
ന്നാകാരം പൂണ്ടകത്തിങ്ങനെ കതകുമട-
　　ച്ചിട്ടുറങ്ങിക്കിടക്കേ,
ശോകാവേഗാത്തനാമെൻമുറവിളി വെറുതേ-
　　തന്നേ; നിൻനിദ്ര നീങ്ങി-
പ്പോകാനോ, പൃഷ്ടവാന്മാരൊടു പൊരുതു ജയി-
　　യ്ക്കണ;-മെന്നാലതാമോ?

59

മാലന്നന്നേറുമാറിങ്ങതുമിതുമപരാ-
　　ധങ്ങളജ്ഞാനബന്ധ-
ത്താലയ്യോ, ചെയ്തിരിയ്ക്കാമിവ,നലിവൊടവ-
　　യ്യെല്ലാമാക്കെ മാപ്പേകണം നീ;
നീലഗ്രീവാത്മനാഥേ, നിഖിലജനനിയാം
　　നിൻകിടാവല്ലി ഞാനും?
വാലന്മാർ 'കാട്ടുകാട്ടും' പൊഴുതിലതു പൊറു-
　　ക്കാത്ത മാതാക്കളുണ്ടോ?

## 14. രക്ഷണപ്രാൎത്ഥനം:

60

ഇല്ലാ മേ വേർതിരിച്ചുള്ളറിവൊരു തരിയും
ഹന്ത, തോന്നുന്നതെന്തും
നില്ലാതേകണ്ടു ചെയ്യും ദൃഢതരഭവപാ-
ശത്തിനാൽ ബദ്ധനീ ഞാൻ;
എല്ലാംകൊണ്ടും നിനച്ചീടുകിലൊരു പശുവാ-
മെന്നെ രക്ഷിയ്ക്കുവാൻ നീ-
യല്ലാതേ തക്കൊരാളാരിഹ പശുപതിയാം
പോററിതൻ പാതിമെയ്യേ!

61

* കില്ലെന്ന്യേ നിൻെറ സംസേവയിലമരുമെനി-
യ്ക്കൊന്നുമെൻദേവി, തന്നി-
ട്ടില്ലെന്നിക്കാരണത്താൽ സ്സുടമിവനു കട-
പ്പെട്ടിരിയ്ക്കുന്നു നീതാൻ!
വല്ലെന്നാലും, വഴിപ്പെട്ടൊരു വരമരുളി-
ത്തീൎത്തുകൊാംകിക്കടപ്പാ-
ടല്ലെന്നാൽ നിന്നപൎണ്ണാഹ്വയമിതു ശരിയ-
ല്ലെന്നു സംസാരമാകും!

---

61

(വൃത്താന്തരം)

*കില്ലെന്ന്യേ ബഹുനാൾ ഭജിയ്ക്കിലുമിവന്നായൊന്നുമേ നല്കിയി-
ട്ടില്ലെന്നുള്ളതുകൊണ്ടെനിയ്ക്കൊരു കടക്കാരത്തിയായ്ത്തീൎന്നു നീ;
വല്ലെന്നാലുമകം കനിഞ്ഞൊരു വരംതന്നിക്കടപ്പാടു തീ-
ൎക്കു,ല്ലെന്നാകിലപൎണ്ണയെന്ന തവ പേരീശാനി, മോശപ്പെടും.

62

വൈമുഖ്യം സർവ്വകൃത്യത്തിലുമുളവാകിട്ടമീ
രോഗമൊന്നേല്ക്കയാലും,
മാൽ മുററും മാനസത്തിൽ പകലിരവുള്ളവായ്-
വന്നു വദ്ധിയ്ക്കയാലും,
ഹാ, മുഗ്ദ്ധൻ ഞാൻ മരിയ്ക്കായ്കിലുമൊരു ശവമായ്-
ത്തീൎന്നി,തെന്നിട്ടുമെന്തെൻ-
ചാമുണ്ഡേ, ചാരുവാം തൃപ്പദമിവനിലണ-
യ്ക്കാത്തതാത്താനുകമ്പം?

63

നേരമ്പോക്കിന്നുവേണ്ടിപ്പല വടിവിലുമി-
പ്പാരശേഷം ചമയ്ക്കു-
ന്നോരങ്ങയ്ക്കീശ്ശരീരിപ്പരിഷകൾ മുഴുവൻ
ക്രീഡലീലാമൃഗങ്ങൾ;
പാരം തേ കൗതുകത്തിന്നുതകുമവയിലൊ-
ന്നായ ഞാൻ ചെയ്തതെന്തും;
സാരസ്യത്തി,ന്നിതോൎത്താലിവനെ നിയതമായ്
ദ്ദേവി, രക്ഷിയ്ക്കവേണം.

64

കൗമാരിപ്പേരൊടോമനമ്മയിലിന്നുടെ കഴ-
ത്തേറി മിന്നുന്നൊരങ്ങു-
ന്നീ മാററം കൗതുകാൽ തന്മകനെയനുകരി-
യ്ക്കുന്നതിന്നാണെന്നതെങ്കിൽ,
സാമാന്യം ചൂർണ്ണമാക്കാ,നിവനുടെ ദുരിത-
ക്രൌഞ്ചശൈലം, കുമാര-
ശ്രീമാതാവേ, പിളത്തീടുക നിജകരസം-
സക്തയാം ശക്തിയാലേ!

65

ഇപ്പാരാം നാട്യരംഗത്തറയിലിവനിതാ,
വേഷവും കെട്ടി, നൃത്തം-
വെപ്പാനെത്തേണ്ടിവന്നു, ഫലമൊഴികഴിവി-
ല്ലാത്ത നിന്നാജ്ഞമൂലം;
തപ്പാതെൻമെയ്യാല്ലിയാട്ടം ജനരസകരമാ-
യിട്ടു തീരേണമെങ്കിൽ
തൃപ്പാദം പിൻതുണച്ചീടണമിവിടെ നട-
സ്വാമിതൻവാമമെയ്യേ!

66

ശിഷ്ടന്മാരെൻകിരാതേശ്വരി, സഹജകൃപാ-
ശക്തിയാലാത്മഭക്ത-
ന്നിഷ്ടം നല്കുന്നതിങ്കൽ 'ത്വരിത' ഭവതിയെ-
ന്നോത്തുപോരുന്നു പണ്ടേ;
കഷ്ടം! നീയാ നിലയ്ക്കല്ലിതുപൊഴുതു; ഭവൽ-
സേവ ചെയ്യുന്നൊരീയെൻ-
കഷ്ടപ്പാടൊന്നകററാൻ ത്വര മനസി നിന-
ക്കില്ലയല്ലോ തരിമ്പും!

## 15. താപശമനപ്രാർത്ഥനം:

67

കുന്നായ്പ്പോരിട്ട പോർകൊങ്കകളുപരി വഹി-
ച്ചീടുവാൻ തക്ക കെല്പു-
ണ്ടെന്നാലും ദേവി, നിൻനെഞ്ചഹഹ! പുതുനറും-
*വെണ്ണയാണെന്നു കേൾപ്പൂ;
എന്നാൽ, വാവിട്ടുകേഴും മമ കടുകദന-
ത്തീയതിൽ തട്ടിയിട്ടി-
ല്ലെന്നാണെൻപക്ഷ,മുണ്ടെങ്കിലതുരുകിയലി-
ഞ്ഞീടുവാൻ ന്യായമില്ലേ?

* ('ഹൈയംഗവീനഹൃദയാ'—ലളിതാത്രിശതി)

68

പായൽക്കൂട്ടം പണിഞ്ഞീടിന തലമുടിയിൽ
തിങ്കളിൻകീറു ചാർത്തി-
ത്തോയം ചൂടുന്ന പോററിയ്ക്കുടയ തിരുവുടൽ...
പ്പാതിയായ്പ്പാർക്കുവോളേ!
നീയല്പന്നേരമുള്ളിൽ കുടിയരുളുകിലാ-
ത്താപമെല്ലാമടങ്ങി-
പ്പോയത്യന്തം തണുപ്പാമടിയനു കുളിർക്കു-
ന്നിൻെറ കുഞ്ഞോമലാളേ!

69

പാമ്പാമാഹാരമേന്തീടിന തരുണകലാ-
പാഞ്ഛിതൻ നീലകണ്ഠൻ
താൻ പാർത്തൻപോട്ട തത്തുംപടി വടിവിലെഴും
കാളി, കാളായവർണ്ണേ,
“ഞാൻ പാരം ചുററി മററില്ലൊരു ശരണവു”മെ-
ന്നുഗ്രതാപത്തൊടെന്നും-
ക്കാമ്പാം വേഴാമ്പലെന്നും തവ പുതുകരുണാ-
വൃഷ്ടിയെക്കാത്തിരിപ്പൂ!

## 16. കാരുണ്യാശംസ:

70

ഒന്നിൽ ചില പാനമാണ്ടുഗ്രതയോടെ തപം
ചെയ്തോരസ്സാംബതാതൻ-
ന്നന്നിഷ്ടപ്പെട്ടതൊട്ടുക്കമിതകരുണനാം
നിൻപ്രിയൻ നല്കിയല്ലോ;
എന്നിട്ടും തൃപ്തിയാകാഞ്ഞവനു പല വരം
വീണ്ടുമേകീടിനാൾ നീ;-
യൊന്നിയ്യെങ്കൽ പ്രയോഗിച്ചരുൾക പെരിയൊരാ-
ബ്ഭക്തവാത്സല്യമമ്മേ!

71

ബാണൻതൻകോട്ട കാത്തു ഭഗവതി, ഭുവനാ-
ധീശനാം നിൻമണാളൻ;
ബാണം വർഷിച്ചു മെയ് മൂടിയ രണപടുവാം
ഫല്ഗുനന്നിഷ്ടമേകീ;
വേണം തൻഭക്തരോടിത്രയുമകമലിവ-
ങ്ങെങ്കിൽ, നിൻഭക്തനാമെൻ-
ത്രാണത്തിന്നെന്തമാന്തം തവ? സതി പതിസാ-
ധർമ്മ്യമേല്ക്കേണ്ടതല്ലോ!

72

ഭുവിൽ കഷ്ടപ്പെട്ടാൻ മേ തലയിൽ വിധിവര-
ച്ചിട്ട വണ്ണങ്ങൾ മായ്ക്കാ-
നാവില്ലങ്ങോർക്കിലെന്നിങ്ങനെ ഭവതി നടി-
ച്ചീടിലാർ വിശ്വസിയ്ക്കും?
ദേവി, ത്വദ്യോഗമാത്രാൽ പ്രഭുത കലരുമാ-
ശ്ശുംഭതാനല്ലയോ, പ-
ണ്ടാ വിട്ടാൻതൻശിരസ്സും കരനഖശിഖരം-
കൊണ്ടു നുള്ളിക്കളഞ്ഞു!

17. രോഗശമനപ്രാർത്ഥനം:

73

മാരിയ്ക്കയ്യോ, സഹിയ്ക്കാഞ്ഞുടലവതിപെട്ട-
ത്തുന്ന നഞ്ഞുണ്ട സാക്ഷാൽ
ശൂലക്കാരന്നു ഘോരാതന്നുരുജയകലെ-
പ്പോക്കിയോഷ്ഠാമൃതത്താൽ,
കാല ധ്വംസത്തിനും കെല്പരുളിയ വിളികൊ-
ണ്ടൊരു വൈദ്യത്തിയാം നീ
മൂലത്തോടേ മുടിയ്ക്കേൻഗദനിര മുഴവൻ
മുഖ്യയോഗാധിനാഥേ!

74

ആലംബം വൻപനിയ്ക്കപ്പൊഴുതില്ലമയി നിറ-

താത;-നാമട്ടു കാന്തൻ

ശ്ശൂലക്കാരൻ; കിടാവാം കരിമുഖനു തല-

യ്ക്കുണ്ടു നീരാവതോളം;

കാലംതോറും ഭവത്സേവനകരനിവനോ,

കണ്ണരോഗാർത്ത,നെന്താ-

ണാലസ്യം തീർക്കുമമ്മേ, ഫലമിഹ? ഭവദീ-

യക്കു രോഗാപ്തിയെന്നോ?

75

പണ്ടെന്നോ 'കാളി'യെന്നായ്പ്പതി കളിയിൽ വിളി-

ച്ചോരു നീ വാച്ച നാണം-

കൊണ്ടങ്ങോ പോയ്ത്തപംചെയ്തുടലിനുടെ നിറം

മാററിനാളെന്നു കേൾപ്പൂ;

കണ്ടന്നേക്കാര്യമായത്തോ"നൊരു ചെകിടനിതെ"-

ന്നേവരും ഗൗരി, ചൊല്ലാ-

റുണ്ടെ,ന്തിക്കഷ്ടമോർക്കാത്തതു? തവ പാദസം-

സേവി നിർല്ലജ്ജനാണോ?

## 18. സമ്പൽപ്രാൎത്ഥനം:

76

പള്ളിക്കൈവില്ല പൊൻകുന്നലർമകൾപതിയാ-
	മമ്പു, തോഴൻ ധനേശൻ,
വെള്ളിക്കുന്നായ വീ,ടിപ്പെരുമകൾ കലരും
	പോററിതൻകെട്ടിലമ്മേ!
കൊള്ളിച്ചാലെന്തു തൃക്കണ്ണെടിയനി,ലവിടെ-
	യ്ക്കിഷ്ടയാം ദാസിയായ്പ്പാ-
പ്പുള്ളി ശ്രീദേവി പോന്നെൻപുരിയിലധിവസി-
	യ്ക്കേണ്ടിവന്നേയ്ക്കുമെന്നോ?

77

പാരാം പാരിങ്കലെല്ലാം പരമചപലയാ-
	ണെന്നു നിൻതോഴിയാകും
താരാർമാതിന്നു ദൃഷ്ടേരിളകിയതവിടേ-
	യ്ക്കൊട്ടു പോരായ്കയെങ്കിൽ,
മാരാരാതിപ്രിയേ, ഞാനൊരു വഴി പറയാം:
	എങ്കലെന്നും വസിപ്പാ-
നാരാൽ കല്പിയ്ക്കു തൃക്കൺമുനയുടെ കളിയാ-
	ലാളിയെക്കാളി,യെന്നും.

## 19. കവിതാശംസ:

78

നല്ലന്തസ്സോടു വെള്ളിത്തിരുമലയിലെഴും
രാജമൗലിപ്രിയേ, നിൻ-
ചെല്ലത്തൃക്കാല്ക്കലീയെൻചെറുകവിത കുറ-
ച്ചല്ല സേവിച്ചുനില്പൂ;
ഇല്ലല്ലോ വൃത്തഭങ്ഗാദികളിതി,നതുതാ-
നോർത്തു വല്ലെങ്കിലും നീ
തെല്ലർത്ഥാലങ്കൃതിക്കോപ്പുകളിതിനു കൊടു-
ത്തേയ്ക്കൂ സമ്മാനമായി!

79

സൗമംഗല്യാഭിവൃദ്ധിയ്ക്കമരസുമുഖിമാർ,
തന്മുടിക്കെട്ടിൽ മിന്നും
ശ്രീമന്ദാരപ്രസൂനാവലിയുടെ പുതുതേൻ-
കൊണ്ടു പുണ്യാഭിഷേകം
നേമം തെറ്റാതെ ചെയ്യും പ്രകൃതിമധുരമാം
നിൻപദത്തോടു ചേർത്തി-
ട്ടീ മദ്വാക്കിന്നിണക്കീടണമമൃതതനോ,
മഞ്ജുമാധുര്യസ്ഫാരം!

## 20. മൃത്യുഭയനിവേദനം:

### ൪൦

(വൈഷ്ണവി)

കയ്യിൽ, കല്പാന്തകാലോദിതദിനകരരെ-
ക്കൊണ്ടു പാദപ്രണാമം
ചെയ്യിയ്ക്കും രശ്മിയാൽ ദൂരിതദിതിജതമ-
ശ്ചക്രമാം ചക്രമേന്തി,
മെയ്യിൽ ചേർത്തോരുദാരദ്യുതിയൊടു ഗരുഡ-
ൻപുറത്തേറി മേവും
നിയ്യിന്നൻപോടു നാരായണി, നരകഭയം
നീക്കി രക്ഷിയ്ക്കുകെന്നെ!

### 81

കാലപ്രദ്വേഷിയെത്തുക്കടമിഴിയടിയാ-
ലുടം പകപ്പിച്ച്വവൻതൻ-
കോലം വീതിച്ചെടുത്തീടിന വിരുതിയലു-
ന്നോഷധീശാവതംസേ!
ആലസ്യക്കാരനാമെൻമരണഭയമൊഴി-
ഞ്ഞീടുവാനങ്ങൊഴിഞ്ഞി-
ല്ലാലംബം ഭൂരിദിവ്യൗഷധിനിരയിടതി-
ങ്ങുന്ന കുന്നിൻെറ കുഞ്ഞേ!

൮൨

കാലൻ കാലായസാത്യൽകടമുസലവുമായ്-
ക്കാണികൾക്കും നടുങ്ങും
കോലം കോലുന്ന കൂട്ടാളികളൊടുമൊരുമി-
ച്ചാർത്തടുത്തെത്തിടുമ്പോൾ,
കാലച്ചെന്തീക്കനൽച്ചാർത്തതിർമുനയൊടു നിൻ-
കൈത്തലത്തിൽത്തിളങ്ങും
ശൂലംതാനാണു മാഹേശ്വരി, ശരണമെനി-
യ്ക്കുമ്പ്ഭയപ്പാടൊഴിപ്പാൻ.

## 21. വൈരാഗ്യാശംസ:

൮൩

ഏതിൻബിന്ദുക്കളേററിട്ടുരഞ്ഞൊടിയിടയാൽ,
പാരിന്നുത്താപമേകം
ഹേതിവ്രാതം വഹിച്ചാളിന ഖഗപടല-
ക്കാട്ടുതീ കെട്ടടങ്ങീ
ഖ്യാതിപ്പെട്ടാശ്ശുഭാംഭസ്സിയലിന കനക-
ക്കിണ്ടി കൈക്കൊണ്ടെഴും നീ
മാൽതിങ്ങും തൃഷ്ണ മാററിത്തരണം;- മതിനിതാ,
ബ്രാഹ്മി, മേന്മേൽ തൊഴുന്നേൻ!

84

വാടാതിന്ദ്രാണി, വെള്ളിഗ്ഗിരിയൊടു പടവെ-
ട്ടുന്ന വെള്ളാനതന്മേ-
ലിടാളും വജ്രമേന്തിത്തെളിവൊടരുളിടും
നീ മനസ്സൊന്നു വെച്ചാൽ,
മാടായുള്ളോരെനിയ്ക്കും ദൃഢമൊരു വിഷയ-
ത്തിങ്കലും പക്ഷപാതം
തേടാതിങ്ങപ്രകമ്പസ്ഥിതിയിലമരുവാൻ
കൈവരും ദൈവയോഗം.

85

ഘോരാപന്മൂലമാമീ വിഷയവിഷമക-
ത്താകയാലേ, പറഞ്ഞാൽ-
ത്തീരാത്താതങ്കമാളുന്നിവനു ശരണമാ-
യിട്ടു മററില്ലൊരാളും;
നീ രാജൽപ്പുഞ്ചിരിപ്പാലൊടുമരിയ നിജാ-
പാങ്ഗജീമൂതമകി-*
പ്പാരാതെന്നെപ്പൊറുപ്പിയ്ക്കുക പരുഷവിഷ-
പ്രാശനപ്രാണനാഥേ!

---

* ജീമൂതം—മേഘം, ദേവതാളിയെന്നും. "ജീമൂതമൂലം ക്ഷീരേണ പാതവ്യം ദാരുണേ വിഷേ"—ഗാരുഡസിദ്ധാന്തം.

86

വേഗം വാരാഹി, സന്മാർഗ്ഗഗരഖിലരുമേ
വൻവെറപ്പാൻനിട്ടുംമാ-
റാഗസ്സാവോളമാജ്ജിച്ചുരപെരിയ ഹിര-
ണ്യാക്ഷദൈത്യൻകണക്കേ,
പ്രാഗല്ഭ്യാലെൻമനോഭൂമിയെ വിപുലവിഷാ-
ദാബ്ധിയിൽ താഴ്ത്തി മുഷ്കം
രാഗത്തെ ധ്വംസനംചെയ്തലിവൊടിതിനെയൊ-
ന്നുദ്ധരിക്കേണമേ നീ!

87

താരാളിപ്പൊൻമണിക്കോപ്പുടയ ഗഗനമാം
നീലമേലാപ്പിണങ്ങും
പാരാം കേളീഗൃഹത്തിൽ, പ്രകൃതിയുടെ യഥാ-
യോഗ്യശുശ്രൂഷയേറവം,
സ്സ്വാരാനന്ദേന മെയ്യിൽ പുളകമിളകിയും
നിൻപ്രസാദോദയത്താൽ
വൈരാഗ്യശ്രീവിഹാരോത്സവമൊട്ടു വിളയാ-
ടുന്നതെന്നംബികേ, ഞാൻ?

## 22. മനസ്സാന്നിധ്യാശംസ:

89

പാലിൻമട്ടാം ചിലപ്പോൾ, പടുപവിഴനിറം
        പൂണ്ടിരിക്കും ചിലപ്പോൾ,
നീലിച്ചാകും ചിലപ്പോൾ ത്രിഗുണമയി, ഭവ-
        ദ്രൂപമെന്നുണ്ടു കേൾപ്പൂ;
ചേലിൽ ജ്ഞാനോന്നതിക്കോ, ധനദനിലവരാൻ-
        വേണ്ടിയോ, വൈരിബാധാ-
മാലിന്യം മാറുവാനോ മമ മനമതിലൊ-
        ന്നോക്കുമാറാകുമോ നീ?

90

ഇല്ലല്ലോ ദാസനാമെങ്കലൊരലിവവിടേ,-
        ക്കാകയാലെന്നകക്കാ-
മ്പല്ലൽത്തീയേററരക്കിൻകിടയിലുരുകുമാ-
        റുള്ള ഘട്ടത്തിലെല്ലാം,
തെല്ല,ല്ലാവുന്നമട്ടൊക്കയുമടിയനതിൽ
        ചേർത്തമർത്തീട്ടുമമ്മേ,
ഫുല്ലശ്രീപൂണ്ട നിൻതൃപ്പദമിവിടെയുറ-
        യ്ക്കുന്നതി,ല്ലെന്തു ചെയ്യാം?

91

അച്ഛൻ നിശ്ശേഷരത്നാകരവിളനിലമാം
മാമലത്തമ്പുരാനാ,-
ണച്ഛന്നസ്നേഹസമ്പത്തുടയ സഹജനോ
ലക്ഷ്മിതൻപ്രാണനാഥൻ;
സ്വച്ഛൻ ഭർത്താവു വിത്താധിപസഖ;-നിതുമ-
ട്ടുള്ളോരങ്ങയ്ക്കു ഞാനെ-
ന്തിച്ഛയ്ക്കൊത്തൊന്നു നല്കേണ്ടതു? മമ കരൾതാൻ
ദേവി, നിൻകാല്ക്കൽ വെയ്ക്കാം.

92

ദേവി, ത്വൽപ്രാഭവത്തെസ്സുരയുവതികൾ-
ക്കൊണ്ടൽ പാടും കദംബ-
ക്കാവിൽ, കാദംബരീനിർമ്മിതമധുരമദാ-
രഞ്ജിതാപാംഗിയായി,
സേവിപ്പോർക്കൾ കുളിർക്കെത്തിശിദിശി മുഖക-
ർപ്പൂരതാംബൂലഗന്ധം
തൂവിക്കൊണ്ടീശ്വരീ വിളങ്ങും തവ തിരുവുടലെ-
ന്നെന്നുമോർക്കുന്നവൻ ഞാൻ.

93

പാശം പദ്മം കരിമ്പങ്കുശമിവയണിയും
നാലു തൃക്കൈക്കളുന്നാ-
ലാശയ്യോത്താശ്രിതന്മാൎക്കലുഷപുരുഷാ-
ൎത്ഥങ്ങൾ നാലും കൊടുത്തും,
കാശശ്രീ പൂണ്ട കാമേശ്വരനിരുവിധമാം
രാഗമാരക്തകാന്തി-
പ്രാശസ്ത്യത്താലണച്ചും വിലസിന തിരുമെ-
യ്യെന്മനം വാഴ്കമ്മേ!

94

വൻപാളും തൃഷ്ണയോടേ മദലഹരി പിടി-
ച്ചിങ്ങു മേല്ക്കീഴു നോക്കാ-
തെമ്പാടും പായുമെന്മാനസകരിയെ നിരോ-
ധിച്ചുനിൎത്തി, ക്രമത്താൽ
നിൻപാട്ടിൽത്താൻ തളച്ചാ മധുരരസമശി-
പ്പിച്ചു തുഷ്ടിപ്പെടുത്താ-
നൻപാൎന്നീടേണമല്ലം, കരധൃതസൃണിപാ-
ശേക്ഷുപാഥോരുഹേ, നീ.

## 23. ധ്യാനപ്രാർത്ഥനം:

95

നന്ദൽഭൃങ്ഗങ്ങൾ തിങ്ങും നവപരിമളമാം
മാല തൃക്കയ്യിൽ വെച്ചും,
മന്ദസ്മേരാനനേന്ദുദ്യുതിയിൽ മുഴുകിട്ടും
മഞ്ജുമന്ദാക്ഷമാന്നും,
കന്ദർപ്പാരാതിതന്നെസ്സരസമഥ സി വരി-
ച്ചീടുവാ,നങ്ങു മന്ദം
മന്ദം ചെന്നെത്തീടും നിൻമധുരതനു മറ-
ക്കായ്ക, മന്ത്രാത്മികേ, ഞാൻ!

## 24. ആനന്ദനൃത്തപ്രാർത്ഥനം:

96

എൻനാവിച്ചത്തിലങ്ങയ്ക്കുടയൊരു തിരുനാ-
മങ്ങൾ പാട്ടും പിഴയ്ക്കാ;-
തെൻനാനാദുഃഖജാലം സപദി പൊറുതി മു-
ട്ടാകയാൽ 'ചെണ്ടകൊട്ടും';
എന്നാൽ, മായത്തിരശ്ശീലയിഹ മറയാ-
തെൻമനസ്സാമരങ്ങ-
ത്തിന്നാനന്ദത്തൊടാട്ടം തുടരുക, ചുടല-
ക്കുത്തുകാരൻെറ ഭാര്യേ!

37

കേറാനെന്തേ മടിയ്ക്കുന്നിതു മമ കരളിൽ?
കാമലോഭാദിയാകും
ചേറാണി,ങ്ങൂന്നി വെച്ചീടിലുമടി വഴുതി-
ത്തെററി വീണേയ്ക്കുമെന്നോ?
കൂറാളും നീ വിചാരിയ്ക്കുകിലിഹ ചളികൊ-
ണ്ടുള്ള കേടാകമാനം
മാറാനുണ്ടോ ഞെരുക്കം? മകുടജിതലസൽ-
കോടിസൂര്യപ്രകാശേ!

98

കാടാണെന്നന്തരംഗം, കറ ക്രൂര മുതലാം
ദുഷ്ടജന്തുക്കളെന്തും-
കൂടാതിങ്ങുണ്ടു കൂട്ടം കുതുകമൊടു കളി-
ത്താർത്തു കൂത്താടിടുന്നു;
വാടാതിങ്ങോട്ടു വന്നാൽ പകലിരവിവിടെ-
പ്പുള്ളിനായാട്ടുമായി-
ക്കൂടാമങ്ങയ്ക്കു, കൂടാദിമശബരശരീ-
രാഢ്മാം കുന്നിൽമാതേ!

## 25. ഭക്ത്യാശംസ:

99

ഹ്രീങ്കാരക്ഷീരവാരാ നിധിപരമസുധേ,
പാണിചഞ്ചൽകൃപാണീ-
ഭാങ്കാരത്രാസിതാഖണ്ഡലവിമതകുലേ,
വിശ്വവല്ലിയ്ക്കു വേരേ!
ഞാൻ കാലിൽ കൂപ്പിടുന്നേൻ, യതിഹൃദയമിളി-
ന്ദാളി മേളിയ്ക്കുമോമൽ-
പ്പൂങ്കാവേ, നിന്റെ പേരിൽബ്ഭഗവതി, ലളിതേ,
ഭക്തി സിദ്ധിയ്ക്കണം മേ!

100

ഊനംകൂടാതെ ഗോത്രാധിപകുലകലികേ,
നിൻപദപ്പൊൻതൊഴുത്താ-
ന്നാനന്ദപ്പാൽ ചുരത്തുംപടി മരുവിടുമെൻ-
ഭക്തിയാം ഗോവുതന്നെ,
നൂനം പാലിച്ചിടേണ്ടും ചുമതലയിവിടേ-
യ്ക്കുള്ളതാ,-ണ് പ്രപഞ്ച-
സ്ഥാനം പുല്ലാണെനിയ്ക്കെന്നൊരു നില വരികിൽ,-
പ്പിന്നെ ഞാൻ ധന്യനായി!

## 101

അച്ഛൻ ത്തുമഞ്ഞണിക്കു,ന്നഹഹ സഹജനോ
കാലിമേയ്ക്കുന്ന വിദ്വാ,—
നച്ഛന്നം പിച്ചതെണ്ടും വിഗുണനൊരു പുമാ—
നല്ലയോ വല്ലഭൻ തേ?
സ്വച്ഛന്ദം സേവചെയ്യുന്നടിയനു കനിവോ—
ടെന്തു തന്നീടുമെന്നു,—
ന്നിച്ഛയ്ക്കൊക്കുംപ്രകാരം? മമ തരിക ഭവൽ—
ഭക്തിതാനത്യുദാരേ!

## 102

ജ്ഞാനം ധാരാളമാർജ്ജിയ്ക്കില്ല,മഘഹരമാം
സർവ്വതീർത്ഥത്തിലും പോയ്
സ്നാനംചെയ്താല്ല,മയ്യായിരമഗതികളെ
പ്രത്യഹം പോററിയാലും,
ധ്യാനം മുട്ടാതനുഷ്ഠിയ്ക്കില്ല,മരിയ ഭവൽ—
ഭക്തിയൊന്നില്ലയെന്നാൽ
സാനന്ദം സാധ്യമാമോ ദ്രവിഡശിശുവര—
സ്തന്യദേ, ധന്യഭാവം?

103

ചാരം, വെള്ളം, കരിത്തോൽ, മഴവെരുതിവയു-
ണ്ടെപ്പൊഴും ഭ്രതജാലം
ചാരത്തുണ്ടീനിലയ്ക്കുള്ളൊരു പട്ടമലയൻ
കെട്ടിയോളായ തായേ!
സൈപരം ത്രൈലോക്യവിത്താം തിരുമിഴിയെ വിത-
ച്ചെന്മനസ്സാം നിലത്തി-
ന്നേരം ഭക്തിക്കൃഷിയ്ക്കായ്ത്തുടരുക,തതിനി-
ജ്ജന്മി ചാർത്തിത്തരുന്നു!

104

കാടാണെന്നുള്ളിതെന്നാകിലുമരിയ ഭവദ്-
ഭക്തിയാം വല്ലി തെല്ലും
വാടാതെ നില്ക്കുവാനും, പുനരൊരുപൊഴുതിൽ-
പ്പൂത്തു കാച്ചീടുവാനും,
ചൂടാററം നിൻകൃപാനീർനനയരുളി നറും-
പുഞ്ചിരിച്ചാരമല്പം
പോടാതൊക്കുന്നതല്ലെന്നടിയനനുഭവം
വന്നു കുന്നിൻകിടാവേ!

105

ആനന്ദക്കണ്ണുനീരിൽ കനിവിനൊടു കളി-
　　　പ്പിച്ചു,മിച്ഛാനുകൂലം
ദാനംചെയ്തും ഭുജിപ്പാൻ ഭുവനമധുരമാം
　　　നിൻചരിത്രാമൃതത്തെ,
ജ്ഞാനം വെയ്ക്കാത്തൊരിബ്ബാലനെ മഹിമയെഴും
　　　ഭക്തി താൻതന്നെ മാതൃ-
സ്ഥാനം കൈക്കൊണ്ടുനിന്നെൻഗൃഹജനനി, സദാ
　　　പോററി രക്ഷിച്ചിടട്ടേ!

## 26. നിത്യനമസ്കാരം:

106

ഓമൽക്കൊങ്കക്കളിർപ്പൂങ്കുലകളുടെ കനം-
　　　കൊണ്ടു തെല്ലൊന്നു ചാഞ്ഞും,
ശ്രീ മഞ്ഞതുള്ള ശാഖാഭുജകളൊടധര-
　　　ച്ചെന്തളിർച്ചന്തമാന്നും,
കാമം ഭക്തക്കു നല്കാൻ തുഹിനഗിരിജയായ്,
　　　സ്ഥാണുവിൽ ചുററി, മിന്നു-
ന്നാ മന്ദാരക്കൊടിയ്ക്കക്ഷയസുകൃതഫല-
　　　പ്രേപ്സു ഞാൻ കുപ്പിടുന്നേൻ!

# വടക്കിൻനാഥൻ

1

കടല്ക്കാററാൽപ്പാറും തരിമണലുമക്ഷോഭ്യഗിരിയും
നടക്കാവും കാട്ടും തരിശുനിലവും നെല്പവയലും
വടക്കും തെക്കും വേർതിരിവൊട്ടറിയാത്തോരഗതി
(ഞാൻ—
വടക്കിൻനാഥൻ മേ വരമരുളണം, കാഴ്ച തെളിവാൻ!

2

മടക്കംകൂടാതേ വിഷയസുഖസൗധത്തിലണയാൻ
നടക്കുന്നുണ്ടാവാം, കെട്ടവഴിയിലെന്മൂഢഹൃദയം—
കിടക്കട്ടേ പാപം പലതു;— തു പൊറുത്താർദ്രകൃപനായ്
വടക്കിൻനാഥൻ മേ വരമരുളണം, ശാന്തി വരുവാൻ!

3

ഞാടക്കം ശീലിയ്ക്കും മുനിമതിയിലും ചത്തവരെയി_
ട്ടടക്കം കാന്താരത്തിലുമരിയ വിണ്ണിൻതെരുവിലും
നടക്കും, കൂത്താട്ടം സമരസമൊടാര,പ്രതിമനാ
വടക്കിൻനാഥൻ മേ വരമരുളണം, ദ്വൈതമൊഴിയാൻ!

4

ഇടയ്ക്കക്കൊട്ടോട്ടം തകിലടിയൊട്ടം പാട്ടൊടിടചേ_
ന്നിടയ്ക്കോലുന്നോടക്കുഴൽവിളിയൊട്ടം ശംഖൊലിയൊട്ടം
നടക്കൊക്കും കൃത്യം നിശി നിശി നടത്തും രസികനാം
വടക്കിൻനാഥൻ മേ വരമരുളണം, മാന്ദ്യമൊഴിയാൻ!

5

കടല്ക്കന്യാഭർത്തൃപ്രിയഭഗിനിയാം കാന്തയുടെ ന_
ല്ലുടക്കണ്ണേറാലേ തനതുരുതപസ്സിന്നിനിയുമേ
മുടക്കം പററായ്വാൻ നിയതമവറാംതൻപിന്നിൽ മരുവും
വടക്കിൻനാഥൻ മേ വരമരുളണം, കാമമകലാൻ!

6

കിടക്കും പച്ചപ്പുൽത്തകിടിയിൽ; വെറുംകാട്ടുകനിയാ—
ലടക്കും ക്ഷുത്തെല്ലാം; തെളിയരുവിനീർകൊണ്ടു
(തൃഷയും—
ചടക്കം വിട്ടേവം പുലരുമൃഷിമാർക്കുററഗുരുവാം
വടക്കിൻനാഥൻ മേ വരമരുളണം, ജ്ഞാനമുണരാൻ!

7

ചിടക്കെട്ടാം ചെമ്പൊന്നൊളിമകുടവും ചീറുമഹിയാ—
മുടല്ക്കോപ്പും തോലാം തുണിയുമെരുതാം വാഹനവുമായ്
ഇടർക്കൊള്ളാത്തൈശ്വര്യമൊടരുളുമാശ്ചര്യമയനാം
വടക്കിൻനാഥൻ മേ വരമരുളണം, ശാന്തത വരാൻ!

8

നടക്കാത്തോരോടിച്ചിട്ടുവതിനൊരോതിക്കനെ വിളി—
ച്ചടക്കേത്തി,ക്കുന്നാം തനതുചിലമേലച്യുതശരം
ഉടക്കി,ത്തേജസ്സാൽ ത്രിപുരികൾ ദഹിപ്പിച്ച പടുവാം
വടക്കിൻനാഥൻ മേ വരമരുളണം, ഭീരുത വിടാൻ!

## 9

വടക്കാററാൽത്താപപ്രസരമൊഴിവാക്കി, ച്ചുഴലവും
നടക്കാവൊത്തുച്ചൈർവ്വിലസുവൃഷഭാദ്രിയ്ക്കു സുഷിരാൽ
വടക്കൻവെൺകുന്നിൻമഹിമ നിജവാസാലരുളുമീ
വടക്കിൻനാഥൻ മേ വരമരുളണം, മേന്മ വളരാൻ!

—**—

# ശ്ലോകാനുക്രമണിക


അങ്കത്തിലന്തകനെ 33
അച്ഛൻ ത്തുമഞ്ഞതണി 87
അച്ഛൻ നിശ്ശേഷരതോത് 82
അടക്കം ശീലിയ്ക്കും 91
അന്നാളീകാസ്ത്രനെ 39
അല്ലൽപ്പാടാളുകൾക്കേകിയ 45
ആകല്പം മധ്യമുദ്യന്മണി 62
ആട്ടം സന്ധ്യയ്ക്കനുഷ്ഠിപ്പവ 40
ആതങ്കം കൈവളത്തും 57
ആനന്ദക്കണ്ണുനീരിൽ 89
ആനത്തോൽമുണ്ടുടുക്കുന്ന 55
ആരക്താഭം രജസ്സാകിയ 43
ആരും വാഴ്ത്തുന്ന മേധാ 19
ആ ലങ്കാതോരണത്തിൽ 17
ആലംബം വൻപനി 74
ഇടയ്ക്കുക്കൊട്ടോട്ടം 91
ഇന്നേരമൊന്നുകിൽ 29
ഇപ്പാരാം നാട്യരംഗത്തറ 69
ഇമ്പം നല്കിന ശംഭുവിൻ 27
ഇല്ലല്ലോ ദാസനാമെങ്കൽ 81
ഇല്ലാ മേ വേർതിരിച്ചുള്ള 67
ഇളമതിയണിമൌലി 25
ഉങ്കാളുമുൾക്കളെമൊടി 32
ഉമയുടെ കഴൽവിരൽ 22
ഉല്ലാസം നിൻ വലങ്കണ്ണുരുളും 60
ഊക്കാനെടുത്തോരു 21
ഊനം കൂടാതെ ഗോത്രാധിപ 86
ഋജുവാം മലമങ്കതൻ 22
എൻ കാലദോഷമൊഴിവാൻ 34
എൻ നാവുച്ചത്തിലങ്ങയ്ക്കു 84
എന്നെബ്ഭരിച്ചിടുക 30
എല്ലാലോകങ്ങളും തീർത്ത 50
ഏതിൻ ബിന്ദുക്കളേററിട്ടര 78
ഒന്നിൽച്ചിലപാനമാണുഗ്രത 72
ഒരു മദനവിരോധി 25
ഓങ്കാരസാരമയി! 32
ഓങ്കാരാബ്ജമരന്ദമേ! 10
ഓമൽക്കൊങ്കക്കളിർ 89
ഓരോ വിചാരമകമേ 28
കാങ്കേളിബാണനുടെ 34
കച്ചയ്ക്കില്ലാഞ്ഞു തോലാമുടു 55
കടല്ക്കന്യാഭർത്തൃപ്രിയഭഗിനിയാം 91
കടല്ക്കാററാൽപ്പാറും 90
കയ്യിൽ കല്പാന്തകാലോദിത 77
കാടാണെന്നന്തരംഗം 85
കാടാണെന്നുള്ളിതെന്നാ 88
കാദംബിനീസമകളേബര 27
കാമക്രോധാദിയാദോഗണ 62
കാമക്ഷേമോദയാഡംബര 46
കാലൻ കാലായസാത്യുൽ 78
കാലപ്രദ്വേഷിയെ 77
കാലേ കാകുൽസ്ഥദേവ 16
കിടക്കം പച്ചപ്പുൽത്തറ 92
കില്ലെന്ന്യേ നിൻെറ 67
കില്ലെന്ന്യ ബഹുനാൾ 67
കുന്നായ്പ്പോരിട്ട പോർ 70

കുളിർമലയിലുദിച്ച 24
കൂത്താടിക്കാസരത്തിൻ 64
കൂന്തൽക്കൊപ്പം സുവർണ്ണ 83
കേറാനെന്തേ മടിയ്ക്കുന്നിതു 58
കൗമാരിപ്പേരൊടോമനമയി 69
ഗൗരി! ത്വദീയചരണ 31
ഘോരാപന്മൂലമാമീ 79
ചാരം വെള്ളം കരിത്തോൽ 88
ചിടക്കെട്ടും ചെമ്പൊന്നൊളി 92
ജടയല്ലികളും ഗംഗയാം 21
ജ്ഞാനം ധാരാളമാർജ്ജിയ്ക്കില്ല 87
ടങ്കം തുടസ്വ ധരിച്ച 33
ഞാന്തം നിൻ തിരുനാമ 13
തങ്കക്ഷ്മാധരനൊടും 35
തവ വരുതിയിൽ നില്ക്കു 26
താരാളിപ്പൊൻമണിക്കൊപ്പു 80
താളാരാൽക്കണ്ടു തായാടിടും 40
തിങ്കൾക്കിരീടനുടെ 33
തിരുകരത്തിലിളംകിളി 26
തുള്ളിച്ചാടുന്ന കണ്ഠീരവനുടെ 39
ദാരിദ്ര്യം പ്രാജ്ഞനേകുന്നിതു 48
ദാരിദ്ര്യദാരിണി! ശിവേ! 30
ദേവത്വമെന്തിനതു 8
ദേവി! ത്വൽപ്രാഭവത്തെ 82
ധീരം പോരാടുമാ വന്മഹിഷ 60
നടക്കാത്തോരോടിച്ചിട്ടു 92
നന്ദദ്ഭൃംഗങ്ങളും തിങ്ങും 84
നന്ദനന്റെ നന്ദന! 9
നന്നായിട്ടു ഭജിക്കിൽ 11
നല്ലന്തസ്സോടു വെള്ളിത്തിരു 76
നാനാസൃഷ്ടിയ്ക്കു കണ്ണിപ്പിതു 49
നാലാമ്‌നായപ്പെരുംപൊയ്ക്ക 42
നാളംതോറും നളിനാക്ഷ 12
നിൻപത്തിലേതൊരു 31
നേരമ്പോക്കിന്നുവേണ്ടിപ്പല 68
നേരായിത്തത്ത്വമസ്യാദിമ 49
നേരെത്താത്താണ്ഡവത്താൽ 59
പട്ടിന്നും തോലിപറവും 64
പണ്ടേന്നോ കാളിയെന്നായ് 74
പള്ളിക്കൈവില്ലു 75
പനിമലയുടെ പൈതൽ 25
പാമ്പാമാഹാരമേന്തീടിന 71
പായൽക്കൂട്ടം 71
പാരാം പാരാകെ വേണ്ടും 48
പാരാം പാരിങ്കലെല്ലാം 75
പാരെല്ലാററിന്നമൽപാദന 47
പാലാഴിപ്പെണ്ണുമാ വാണിയും 38
പാലാഴിപ്പെണ്മണാളൻ 63
പാലിൻമട്ടാം ചിലപ്പോൾ 81
പാശം പത്മം കരിമ്പങ്കുശ 83
പീനാമോദേന വാണീ 47
പുള്ളിക്കുരംഗനയനേ! 29
പ്രണയേഷ്യകളിൽ പ്രിയാ 22
പ്രിയാപ്രണാമേ ശശി 20
പ്രേമത്താൽ നീലകണ്ഠോ 56
ബാണൻതൻകോട്ട കാത്തു 72
ബ്രഹ്മാദിത്രീശ്വരക്കും 52
ഭീമപ്രോദ്യത്തമോബാധ 45
ഭീമാഭോഗം വിഷം 63
ഭുവിൽ കഷ്ടപ്പെടാൻ മേ 73
മടക്കം കൂടാതെ 90
മടി തന്നിലൊളിച്ചിരിക്ക 23

| | | | |
|---|---|---|---|
| മലരണി മൃദുവേണി | 26 | വീതാബാധം വിരോധി | 42 |
| മസ്താധിരോപിത | 9 | വൃക്ഷംതോറും മദംപൂണ്ടളി | 17 |
| മാങ്കയ്യർതൻമിഴി | 36 | വേഗം വാരാഹി, സന്മാർഗ്ഗ | 80 |
| മാലന്നന്നേറുമാറങ്ങത്തുമിതും | 66 | വേദം നാലും കവന്നീടിന | 61 |
| മാലയ്യയ്യോ സഹിയ്ക്കാഞ്ഞു | 73 | വേറിട്ടിടാതരിയ പിച്ച | 29 |
| മുക്കണ്ണൊത്തഞ്ചുമട്ടാകിയ | 53 | വൈമുഖ്യം സർവ്വകൃത്യത്തിലും | 68 |
| മൈനാകം കൃഷ്ണനെന്നീ | 57 | വ്യോമം കത്തിത്തുളയ്ക്കും | 51 |
| മോദം പൂണ്ടാദിതോയോത്തമ | 41 | ശിവാമുഖാബ്ജപ്രതിബിംബ | 21 |
| മോഹം ചേതസി വിശ്വ | 11 | ശിഷ്ടന്മാരെൻ കിരാതേശ്വരി | 70 |
| യക്ഷാധീശ്വരപട്ടമോ | 14 | ശോകാലമ്പേററ | 50 |
| യന്താവാണ്ടലകത്തിനാ | 13 | ശോണാകാരം നറും തുച്ചൊടി | 54 |
| യന്താവുതൻവടിവെടുത്ത | 9 | ശ്രീമത്തൃപ്പാദവും നിന്നുടെ | 53 |
| യാദസ്സ്തോമം തിമിക്കം | 56 | ശ്രീമൽസൂര്യന്നു ശിഷ്യൻ | 18 |
| രാജാവിന്നുമകിഞ്ചന | 12 | ശ്രീവാസുദേവ, | 7 |
| ലാവണ്യാവാസഭൂവാം | 37 | ശ്രീവിദ്യോമുക്തിനല്ലാർ | 65 |
| ലാളിത്യം ഹന്ത ലോകോ | 59 | ശ്രീലാക്ഷാലിപ്തമാം നിൻ | 44 |
| ലീലാപൂർവ്വം ലുലായാഭിധ | 43 | ശ്രേയസ്സിൻ ജന്മഭൂവേ, | 54 |
| ലോകാഭിവ്യാപ്തയാം നീ | 66 | സങ്കല്പജപ്രതിഭട | 35 |
| വടക്കാററാൽത്താപ | 93 | സന്നാഹം പൂണ്ടെതിർത്ത | 41 |
| വൻകാളകൂടവിഷനീർ | 32 | സാമർത്ഥ്യം മന്ത്രതന്ത്ര | 15 |
| വന്നിട്ടു നിന്നരികിലേറെ | 28 | സാരഗ്രന്ഥാക്ഷമാലാ | 58 |
| വൻപാളും തൃഷ്ണയോടേ | 83 | സാരം കണ്ടെത്തി മെല്ലെ | 58 |
| വയ്യിക്കഴക്ക പറവാൻ | 30 | സീതയ്ക്കുണ്ടായിരുന്നാ | 18 |
| വലമഥനവധൂടിമാർ | 25 | സുവ്യക്തമായ്സ്സ്വരവരാ | 8 |
| വല്ലാതജ്ഞാനമെന്നു | 61 | സൗമംഗല്യാഭിവൃദ്ധി | 76 |
| വള്ളത്തോളം കോന്തിമേനോ | 16 | സൗരഭ്യപ്രൗഢി നേടാൻ | 44 |
| വാടാതിന്ദ്രാണി, വെള്ളി | 79 | സ്ഫീതാഭോഗാലസംഖ്യം | 52 |
| വാതാലയേശ, | 8 | സ്വാരാജ്യസ്ത്രീജനത്തിൻ | 46 |
| വാനത്തെഗ്ഗംഗയെത്തൻ | 65 | സ്വാലോകാലാകുലത്വം | 51 |
| വാമാക്ഷിമാരിടയ | 7 | ഹുങ്കാരമിട്ടണയുമാശരർ | 34 |
| വിജയിച്ചരുളംവൂ പ്രിയാ | 20 | ഹ്രീങ്കാരക്ഷീരവാരാന്നിധി | 86 |

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M.200.1 Acc. No. 11239

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

M.200.1 11239
Val-B

വള്ളത്തോൾ
ഭഗവത്സ്തോത്രമാല

KOTTAYAM PUBLIC LIBRARY

Call No M.൨൦൦.1 Acc. No 11൨39

Author [illegible]

Title ദേവൻ്റെ സ്തോത്രമാല

Indic Digital Archive Foundation

gpura.org